സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മാർച്ച് 29 ബുധൻ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## 'സി.പി.എമ്മിലെ സ്ത്രീകൾ പൂതനകളെപ്പോലെ'

### വിവാദ പരാമർശത്തിന് കെ. സുരേന്ദ്രനെതിരേ കേസെടുത്ത് പോലിസ്



തിരുവനന്തപുരം: സ്ത്രീ വിരുദ്ധ പരാമർശത്തിൽ ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രനെതിരേ പോലിസ് കേസെടുത്തു. മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സി.എസ്. സുജാതയുടെ പരാതിയിൽ തിരുവനന്തപുരം കന്റോൺമെന്റ് പോലിസാണ് കേസെടുത്തത്. ഐ.പി.സി 509, 304 എ എന്നീ വകുപ്പുകൾ പ്രകാരമാണ് പോലിസ് കേസെടുത്തിരിക്കുന്നത്. കേസ് തുടർ നടപടികൾക്കായി തൃശൂരിലേക്ക് കൈമാറിയേക്കും. 'സി.പി.എമ്മിലെ പൂതനകളെ പോലെയായി' സ്ത്രീകൾ തടിച്ചു കൊഴുത്ത് എന്നായിരുന്നു കെ.സുരേന്ദ്രന്റെ വിവാദ പരാമർശം. കെ. സുരേന്ദ്രന്റെ സ്ത്രീവിരുദ്ധ പരാമർശത്തിനെതിരേ തിരുവനന്തപുരം മ്യൂസിയം പോലിസിലും പരാതി ലഭിച്ചിട്ടുണ്ട്. സി.പി.എം പ്രവർത്തകനായ അൻവർഷാ പാലോടാണ് സുരേന്ദ്രനെതിരേ പരാതി നൽകിയത്. ഞായറാഴ്ച തൃശൂരിൽ ബി.ജെ.പിയുടെ സ്ത്രീ ശാക്തീകരണ സമ്മേളനത്തിന്റെ സ്വാഗത സംഘം ഓഫിസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കവേയായിരുന്നു സുരേന്ദ്രന്റെ വിവാദപ്രസ്താവന. സി.പി.എമ്മിലെ സ്ത്രീകളെയാകെ ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ ആക്ഷേപിച്ചിട്ടും അതിനെതിരേ ആ പാർട്ടിയുടെയോ അതിലെ വനിതാ നേതാക്കളുടെയോ ഭാഗത്ത് നിന്ന് യാതൊരു പ്രതികരണവുമുണ്ടായില്ല. കെ. സുരേന്ദ്രൻ ഇതു പറഞ്ഞതിന് ശേഷം കെ.പി.സി.സി വൈസ് പ്രസിഡന്റ് വി.ടി ബലറാമാണ് ആദ്യമായി ഇതിനെതിരേ രംഗത്ത് വന്നത്. അതിന് ശേഷം പ്രതിപക്ഷ നേതാവ് വി.ഡി സതീശനും കെ. സുരേന്ദ്രനെതിരേ രംഗത്തു വന്നു.

## ലക്ഷദ്വീപ് എം.പി മുഹമ്മദ് ഫൈസലിന്റെ അയോഗ്യത പിൻവലിച്ച് ലോക്സഭാ സെക്രട്ടേറിയറ്റ്

ന്യൂഡൽഹി: ലക്ഷദ്വീപ എം.പി.മുഹമ്മദ് ഫൈസലിന്റെ അയോഗ്യത പിൻവലിച്ച് ലോക്സഭാ സെക്രട്ടേറിയറ്റ് അടിയന്തര ഉത്തരവിറക്കി. എം.പി സ്ഥാനം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് മുഹമ്മദ് ഫൈസൽ നൽകിയ ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിക്കാൻ ഇരിക്കെയാണ് നടപടി.മുൻ കേന്ദ്രമന്ത്രി പി.എം സെയ്ദിന്റെ മരുമകൻ മുഹമ്മദ് സ്വാലിഹിനെ 2009ലെ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണ സമയത്ത് ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചെന്ന കേസിൽ കവരത്തി സെഷൻസ് കോടതി മുഹമ്മദ് ഫൈസൽ എം.പി ഉൾപ്പെടെ നാലു പേർക്ക് പത്തു വർഷം വീതം തടവും



ഓരോ ലക്ഷം രൂപ വീതം പിഴയും ശിക്ഷ വിധിച്ചിരുന്നു. ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടതോടെ മുഹമ്മദ് ഫൈസലിനെ എം.പി സ്ഥാനത്തു നിന്ന് അയോഗ്യനാക്കി ലോക്സഭാ സെക്രട്ടേറിയറ്റ് ഉത്തരവ് പുറപ്പെടുവിച്ചു.

എന്നാൽ, വധശ്രമക്കേസിൽ മുഹമ്മദ് ഫൈസൽ കുറ്റക്കാരനെന്ന വിചാരണക്കോടതി വിധി ഹൈക്കോടതി റദ്ദാക്കിയിരുന്നു. ഈ സാഹചര്യത്തിൽ എം.പി സ്ഥാനത്ത് നിന്ന് അയോഗ്യനാക്കിയ ലോക്സഭ സെക്രട്ടറിയേറ്റ് വിജ്ഞാപനം പിൻവലിക്കാൻ ഉത്തരവിടണമെന്നതാണ് ആവശ്യം. ജസ്റ്റിസ് കെ.എം.ജോസഫ് അധ്യക്ഷനായ ബെഞ്ചിന് മുന്നിൽ ഇന്നലെ ഹർജി എത്തിയെങ്കിലും ഇന്നത്തേക്ക് മാറ്റുകയായിരുന്നു. ഫൈസലിന്റെ കുറ്റവും ശിക്ഷയും സ്റ്റേ ചെയ്ത ഹൈക്കോടതി വിധിക്കെതിരേ ലക്ഷദ്വീപ് ഭരണസമിതി നൽകിയ ഹർജിയും പരിഗണനയ്ക്ക് എത്തുന്നുണ്ട്.

# അട്ടപ്പാടി മധു കേസ്; അന്തിമ വിധി 30ന്

പാലക്കാട്: അട്ടപ്പാടി മധു കേസിൽ വിധി ഈ മാസം 30ന്. മണ്ണാർക്കാട് എസ്‌സി-എസ്ടി കോടതിയാണ് കേസിൽ നാളെ വിധി പറയുന്നത്. പതിനൊന്ന് മാസം നീണ്ട സാക്ഷി വിസ്താരത്തിന് ശേഷമാണ് വിധി പ്രഖ്യാപനത്തിലേക്ക് കടക്കുന്നത്. നാടകീയ രംഗങ്ങൾക്കൊടുവിലാണ് കേസ് വിധി പ്രഖ്യാപനത്തിലേക്ക് എത്തുന്നത്. കേസിൽ വിചാരണ തുടങ്ങിയത് മുതൽ സാക്ഷികൾ തുടർച്ചയായി കൂറുമാറിയത് പ്രോസിക്യൂഷന് വലിയ തലവേദനയാണ് ഉണ്ടാക്കിയത്. സാക്ഷി സംരക്ഷണ നിയമം നടപ്പിലാക്കിയതോടെ കൂറുമാറ്റം ഒരു പരിധി വരെ തടയാൻ പ്രോസിക്യൂഷന് കഴിഞ്ഞു. കോടതിയിൽ കൂറുമാറിയ സാക്ഷി കക്കി മൂപ്പൻ പിന്നീട് കുറ്റബോധത്താൽ മൊഴി മാറ്റുന്ന കാഴ്ചയും വിചാരണയ്ക്കിടെ ഉണ്ടായി. 2022 ഏപ്രിൽ 28നാണ് സാക്ഷി വിസ്താരം തുടങ്ങിയത്. ഇൻക്വസ്റ്റ് സാക്ഷി വെള്ളങ്കരിയെ വിസ്തരിച്ചാണ് തുടക്കം. ദൃക്സാക്ഷികൾ ഉൾപ്പെടെ നിരവധി പേർ കൂറുമാറി. രഹസ്യമൊഴി നൽകിയ എട്ട് പേരിൽ 13ാം സാക്ഷി സുരേഷ് കുമാർ മാത്രമാണ് മൊഴിയിൽ ഉറച്ചു നിന്നത്. അഡ്വ. സി. രാജേന്ദ്രനെ മാറ്റി രാജേഷ് എം. മേനോനെ സ്പെഷ്യൽ പ്രോസിക്യൂട്ടറായി നിയമിച്ചിട്ടും കൂറുമാറ്റം തുടർന്നു. പ്രോസിക്യൂഷന് സാക്ഷികളെ കാണാനോ സംസാരിക്കാനോ പറ്റാത്ത അവസ്ഥ.




ജാമ്യത്തിൽ പുറത്തുള്ള പ്രതികളും സാക്ഷികളും ഒരേ നാട്ടുകാരാണ്. സാക്ഷികളിലേറെയും പ്രതികളെ ആശ്രയിച്ചു കഴിയുന്നവർ. വിചാരണ തുടങ്ങാൻ വൈകിയതും കൂറുമാറ്റം എളുപ്പത്തിലാക്കി. ഇതോടെയാണ് സാക്ഷി സംരക്ഷണ നിയമം നടപ്പിലാക്കാൻ തീരുമാനമായത്. പ്രതികൾ സാക്ഷികളെ സ്വാധീനിക്കരുതെന്ന ഹൈക്കോടതിയുടെ ജാമ്യവ്യവസ്ഥ 12 പ്രതികൾ ലംഘിച്ചതായി പ്രോസിക്യൂഷന് ശാസ്ത്രീയമായി തെളിയിക്കാനായി. വിചാരണ കോടതി ജാമ്യം റദ്ദാക്കിയ ഒരാൾക്ക് മാത്രമാണ് ഹൈക്കോടതി ജാമ്യം നൽകിയത്. പ്രതികളും സാക്ഷികളും പോലിസ് നിരീക്ഷണത്തിലായി. പ്രതികളുടെ ഫോൺ കോളുകളും പണമിടപാടുകളും പോലിസ് കൃത്യമായി പരിശോധിച്ചു. പ്രതികൾ നേരിട്ടും ഇടനിലക്കാർ മുഖേനയും സാക്ഷികളെ ഫോണിൽ വിളിച്ചെന്ന് കണ്ടെത്തി. പ്രധാന ഇടനിലക്കാരൻ ആനവായി സ്വദേശി ആഞ്ചൻ. ആസൂത്രിതമായ കൂറുമാറ്റം നടന്നെന്ന് വന്നതോടെ 12 പ്രതികളുടെ പ്രതികളുടെ ജാമ്യം റദ്ദാക്കി. 2018 ഫെബ്രുവരി 22നാണ് അട്ടപ്പാടി ആനവായ് കടുകമണ്ണ ഊരിലെ ആദിവാസി യുവാവ് മധു കൊല്ലപ്പെടുന്നത്. മോഷണ കുറ്റമാരോപിച്ച് ഒരു സംഘമാളുകൾ മധുവിനെ ക്രൂരമായി മർദിച്ച് കൊലപ്പെടുത്തിയെന്നാണ് കേസ്. 16 പ്രതികളാണ് കേസിലുള്ളത്. മൂവായിരത്തിലധികം പേജുകളുള്ള കുറ്റപത്രത്തിൽ 122 സാക്ഷികളാണ് ഉണ്ടായിരുന്നത്. ഇതിൽ വിസ്തരിച്ചത് 103 പേരെയാണ്. 10 മുതൽ 17 വരെയുള്ള സാക്ഷികളാണ് രഹസ്യമൊഴി നൽകിയത്. മധുവിന്റെ ബന്ധുക്കൾ ഉൾപ്പടെ 24 പേർ വിചാരണക്കിടെ കൂറുമാറിയിരുന്നു. സാക്ഷി വിസ്താരം തുടരുന്നതിനിടെ സാക്ഷികൾ നിരന്തരം കൂറുമാറിയതോടെ സ്പെഷ്യൽ പ്രോസിക്യൂട്ടറെ മാറ്റണമെന്ന് മധുവിന്റെ അമ്മ മല്ലി ആവശ്യപ്പെടുകയും, രാജേഷ് എം.മേനോനെ പ്രോസിക്യൂട്ടറായി നിയമിക്കുകയുമായിരുന്നു.

## 'സംസ്ഥാനത്ത് 2026 ഓടെ തൊഴിലില്ലായ്മ ഇല്ലാതാക്കും'

തിരുവനന്തപുരം: 2026 ഓടെ വിദ്യാഭ്യാസത്തിനോടൊപ്പം തൊഴിൽ എന്ന ആശയം നടപ്പിലാക്കി സംസ്ഥാനത്ത് തൊഴിലില്ലായ്മ പൂർണമായും ഇല്ലാതാക്കുമെന്ന് പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സംഘടിപ്പിച്ച മികവ് 2023 തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. 16 ബോർഡുകളിലായി 6.7 ലക്ഷം തൊഴിലാളികൾക്ക് 25 കോടി രൂപയുടെ സഹായം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലാണ് ബോർഡുള്ളത്. തൊഴിലാളി അധ്വാനമാണ് ഭരണത്തുടർച്ചക്ക് കാരണമായതെന്ന ബോധ്യം ഗവൺമെന്റിനുണ്ട്.

തൊഴിലാളി താൽപര്യം സംരക്ഷിച്ചു കൊണ്ടാണ് നിലവിൽ ഭരണം മുന്നോട്ട് പോകുന്നത്. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലുള്ള 47 ലക്ഷം വിദ്യാർഥികളുടെ പഠനത്തിനായി 3000 കോടി രൂപ ചെലവിൽ സ്കൂൾ കെട്ടിടങ്ങൾ പണിയുകയും സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിക്കുകയും ചെയ്തു. ഫിൻലാൻഡ് മാതൃകയിൽ സന്തോഷ സൂചികയിലധിഷ്ഠിതമായ വിദ്യാഭ്യാസമാണ് സംസ്ഥാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നു മുതൽ നാല് വരെയുള്ള ക്ലാസുകളിലെ അധ്യാപകർക്കാവശ്യമായ പരിശീലനം നൽകും. ഒഡേപേകിന്റെ നേതൃത്വത്തിൽ വിദേശ രാജ്യങ്ങളിൽ നഴ്സിങ് ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് അഭിമാനാർഹമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.



## സാഷയുടെ മരണ കാരണം മാനസിക സമ്മർദം

ഭോപ്പാൽ: കഴിഞ്ഞ വർഷം നമീബിയയിൽനിന്നെത്തിച്ച ചീറ്റകളിലൊന്നായ സാഷ ചത്തത് മാനസിക സമ്മർദം താങ്ങാനാവാതെയെന്ന് വിദഗ്ധർ. നമീബിയയിൽ നിന്ന് എട്ട് ചീറ്റപ്പുലികളെയാണ് ഇന്ത്യയിലെത്തിച്ചത്. അതിൽ കുനോ ദേശീയ ഉദ്യാനത്തിൽ കഴിയുകയായിരുന്ന സാഷ എന്ന ചീറ്റയാണ് കഴിഞ്ഞ ദിവസം ചത്തത്. സാഷയുടെ മരണ കാരണം ഉയർന്ന മാനസിക സമ്മർദമാണെന്ന് മെഡിക്കൽ സംഘം പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു.സാഷയുടെ ക്രിയാറ്റിനൻ അളവ് 400ന് മുകളിലായിരുന്നുവെന്നും മെഡിക്കൽ സംഘം പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. ക്രിയാറ്റിനൻ അളവ് വർധിച്ചത് കാരണം വൃക്കകളുടെ പ്രവർത്തനം തകരാറിലായതാണ് മരണ കാരണമെന്നാണ് പ്രാഥമിക നിഗമനം. മരണത്തിന് മറ്റൊരു കാരണവും കാണാനില്ലെന്നും ഉയർന്ന മാനസിക സമ്മർദം കാരണമാകാം ക്രിയാറ്റിനൻ ലെവൽ ഉയർന്നതെന്നും സംഘം വിലയിരുത്തി. സാഷയുടെ മരണത്തെ തുടർന്ന് എല്ലാ ചീറ്റകളെയും അൾട്രാസൗണ്ട് പരിശോധനക്ക് വിധേയമാക്കും. പുറമെ, രക്തപരിശോധനയും നടത്തും. സാഷയുടെ ജീവൻ രക്ഷിക്കാനായി മുഴുവൻ സമയവും ആരോഗ്യപ്രവർത്തകർ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. സാഷയുടെ മരണം വന്യജീവി പ്രവർത്തകരെ ഞെട്ടിച്ചിരിക്കുകയാണ്. ആഫ്രിക്കയിൽ നിന്നെത്തിച്ച എല്ലാ ചീറ്റകളുടെയും ആരോഗ്യം സസൂക്ഷ്മം നിരീക്ഷിക്കുന്നതായി ചീറ്റ കൺസർവേഷൻ ഫണ്ട് അറിയിച്ചു.

## നിലയ്ക്കലിന് സമീപം ശബരിമല തീർത്ഥാടകരുടെ ബസ് കൊക്കയിലേക്ക് മറിഞ്ഞു; 60 ഓളം അയ്യപ്പഭക്തർ അപകടത്തിൽപ്പെട്ടു

പത്തനംതിട്ട: ശബരിമല തീർത്ഥാടകർ സഞ്ചരിച്ച ബസ് മറിഞ്ഞ് 60 ഓളം അയ്യപ്പഭക്തർക്ക് പരുക്ക്. നിലക്കലിന് അടുത്ത് ഇലവുങ്കൽ-എരുമേലി റോഡിൽ ചൊവ്വാഴ്ച ഉച്ചയ്ക്ക് 1.15 ഓടെയാണ് ബസ് നിയന്ത്രണം വിട്ട് കൊക്കയിലേയ്ക്ക് മറിഞ്ഞത്. തീർത്ഥാടനം കഴിഞ്ഞ് മടങ്ങിയ വാഹനമാണ് മറിഞ്ഞതെന്നാണ് വിവരം. തമിഴ്നാട് തഞ്ചാവൂരിൽ നിന്നുള്ള തീർത്ഥാടകരാണ് അപകടത്തിൽ പെട്ടത്. അപകടത്തിൽ പരുക്കേറ്റ 20ഓളം പേരെ പുറത്തെടുത്തുവെന്ന് സ്ഥലത്തുണ്ടായിരുന്നവർ പറഞ്ഞു. പരുക്കേറ്റ അയ്യപ്പഭക്തരെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. ബസിന്റെ ഡ്രൈവർക്ക് ഗുരുതരമായി പരുക്കേറ്റിട്ടുണ്ട്. 62 പേരാണ് ബസിൽ ഉണ്ടായിരുന്നത്. പല ഭാഗങ്ങളിൽ നിന്നായി ആംബുലൻസുകളും ഫയർ ഫോഴ്സ് യൂണിറ്റുകളും പോലിസും സ്ഥലത്തെത്തി. ഇലവുങ്കൽ എരുമേലി റോഡിൽ മൂന്നാമത്തെ വളവിൽ വച്ചാണ് അപകടം നടന്നത്. കുട്ടികളടക്കമുള്ള തീർത്ഥാടകരാണ് ബസിലുണ്ടായിരുന്നത്. ബസിന് പിന്നിലുണ്ടായിരുന്ന ശബരിമല



ഇലവുങ്കൽ-എരുമേലി റോഡിൽ അപകടത്തിൽപ്പെട്ട ബസിൽനിന്നും ശബരിമല തീർത്ഥാടകർക്കായി രക്ഷാപ്രവർത്തനം നടത്തുന്നവർ

തീർത്ഥാടകരുടെ തന്നെ മറ്റ് വാഹനങ്ങളാണ് അപകട വിവരം പുറത്തേക്ക് അറിയിച്ചത്. ശബരിമല വനത്തിനകത്തെ പ്രദേശമായതിനാൽ നെറ്റ്വർക്ക് ലഭ്യമല്ലാത്ത ഇടത്താണ് അപകടം നടന്നത്. അപകട വിവരമറിഞ്ഞ് നാട്ടുകാരും പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ നിന്നുള്ള പോലിസും അഗ്നിരക്ഷാസേനയും സ്ഥലത്തെത്തി രക്ഷാപ്രവർത്തനം നടത്തി. ബസിലുണ്ടായിരുന്ന് യാത്രക്കാരെയെല്ലാം മുക്കാൽ മണിക്കൂറിനുള്ളിൽ പുറത്തെടുത്തു. പരുക്കേറ്റവരിൽ ചിലരെ പത്തനംതിട്ട ജില്ലാ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. മൂന്നു പേരുടെ പരുക്ക് സാരമുള്ളതാണ്. പത്തനംതിട്ട ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചിരിക്കുന്നത്.

## ചേലാകർമ്മത്തിനെതിരേയുള്ള പൊതുതാൽപര്യ ഹർജി ഹൈക്കോടതി തള്ളി

കൊച്ചി : ആൺകുട്ടികളുടെ ചേലാകർമ്മം നിരോധിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. സ്വതന്ത്ര സംഘടനയായ നോൺ റിലിജിയസ് സിറ്റിസൺസ് നൽകിയ ഹർജിയാണ് ചീഫ് ജസ്റ്റിസ് മണികുമാർ, ജസ്റ്റിസ് മുരളി പുരുഷോത്തം എന്നിവർ അംഗങ്ങളായ ബഞ്ച് തള്ളിയത്. ചേലാകർമ്മത്തിനെതിരേ നിയമനിർമാണം വേണമെന്നാണ് ഹർജിക്കാർ ആവശ്യപ്പെട്ടത്. എന്നാൽ കോടതി നിയമനിർമാണ സഭയല്ലന്നും, സർക്കാരിനോട് നിയമം നിർമിക്കാൻ പറയാൻ കോടതിക്ക് കഴിയില്ലന്നുമാണ് ബഞ്ചേ് വ്യക്തമാക്കിയത്. വെറും പത്രവാർത്തകൾ അടിസ്ഥാനമാക്കിയുള്ള ഹർജി നിയമപരമായി നിലനിൽക്കില്ലെന്ന് ബെഞ്ച് നിരീക്ഷിച്ചു. നോൺ റിലിജിയസ് സിറ്റിസൺസിനു പുറമേ ടി.എം ആരിഫ് ഹുസൈൻ, നൗഷാദ് അലി, ഷാഹുൽ ഹമീദ്, യാസീൻ. എൻ, കെ. അബ്ദുൽ കലാം എന്നിവരും ഹർജിയിൽ കൂട്ടുകക്ഷികളായിരുന്നു. പതിനെട്ട് വയസിനുമുൻപ് ചേലാകർമ്മം നടത്തുന്നത് കുട്ടികളുടെ മൗലികാവകാശങ്ങളുടെയും മനുഷ്യാവകാശങ്ങളുടെയും ലംഘനമാണെന്നാണ് ഹർജിയിൽ ചൂണ്ടിക്കാട്ടിയത്. നടപടി നിയമവിരുദ്ധമായി പ്രഖ്യാപിക്കുകയും ജാമ്യമില്ലാ കുറ്റമാക്കുകയും ചെയ്യണമെന്നും ഹർജിക്കാർ ആവശ്യപ്പെട്ടിരുന്നു. ചേലാകർമ്മം നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്നതോടൊപ്പം കേന്ദ്ര സർക്കാർ നടപടി നിരോധിച്ചുകൊണ്ട് നിയമം തയാറാക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, കോടതി നിയമനിർമാണ സമിതിയല്ലെന്നും പരാതിക്കാർക്ക് അവരുടെ വാദം കൃത്യമായി സമർത്ഥിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഹർജി തള്ളിക്കൊണ്ട് ബെഞ്ച് പറഞ്ഞു.

# 'ഭ്രഷ്ടാചാരി ബച്ചാവോ അഭിയാൻ' പരാമർശം; രൂക്ഷ വിമർശനവുമായി ഖാർഗെ



ന്യൂഡൽഹി : പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഭ്രഷ്ടാചാരി ബച്ചാവോ അഭിയാൻ പരാമർശത്തിനെതിരെ രൂക്ഷ വിമർശനവുമായി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. സ്വയം അഴിമതി വിരുദ്ധനെന്ന് വിളിക്കുന്നത് മോദി നിർത്തണമെന്നായിരുന്നു ഖാർഗെയുടെ വിമർശനം. രാഹുൽ ഗാന്ധിക്കെതിരായ അയോഗ്യതയിൽ പ്രതിപക്ഷ ഐക്യത്തെ വിമർശിച്ച് നരേന്ദ്രമോദിയുടെ ഭ്രഷ്ടാചാരി ബച്ചാവോ അഭിയാൻ (അഴിമതിക്കാരനെ സംരക്ഷിക്കുന്ന പദ്ധതി) പരാമർശത്തിനെതിരേയാണ് ഖാർഗെ രൂക്ഷവിമർശനം ഉന്നയിച്ചത്.

ഇതിനൊപ്പം ഖാർഗെ മോദിയോട് മൂന്നു ചോദ്യങ്ങളും ചോദിച്ചു. രാഹുൽഗാന്ധി ആവർത്തിച്ച ചോദ്യങ്ങൾ തന്നെയായിരുന്നു ഖാർഗെയും ഉയർത്തിയത്. അദാനിയുടെ ഷെൽ കമ്പനിയിലെ 20,000കോടി ആരുടേതാണ്, ലളിത് മോദി,നീരവ് മോദി, മെഹുൽ ചോസ്കി,വിജയ് മല്യ,ജികിൻ മെഹ്ത, തുടങ്ങിയവരുടേതാണോ ഇത് നിങ്ങളുടെ അഴിമതിക്കാരനെ സംരക്ഷിക്കുന്ന പദ്ധതിയിലെ അംഗങ്ങൾ ആണോ, നിങ്ങളാണോ ഇതിന്റെ കൺവീനർ -ഖാർഗെ ചോദിച്ചു. എന്തുകൊണ്ടാണ് നിങ്ങളുടെ കർണാടക സർക്കാരിന് മേൽ നാൽപ്പത് ശതമാനം കമ്മീഷനെന്ന് ആരോപിക്കുന്നത് മേഘാലയിലെ ഒന്നാം നമ്പർ അഴിമതിയിൽ നിങ്ങളുടെ സർക്കാരിന് പങ്കില്ലേ, ചത്തീസ്ഗഢിലേയും രാജസ്ഥാനിലേയും അഴിമതികളിൽ ബി.ജെ.പി എംപിമാർക്ക് പങ്കില്ലേ എന്നും ഖാർഗോ ചോദിച്ചു. രാഹുൽ ഗാന്ധിക്കെതിരായ അയോഗ്യതയിൽ പ്രതിപക്ഷ പാർട്ടികളുടെ ഐക്യത്തെ വിമർശിച്ച് നരേന്ദ്ര മോദി ഇന്നലെ രംഗത്തെത്തിയിരുന്നു. ചില പാർട്ടികൾ അഴിമതിക്കാരനെ സംരക്ഷിക്കുന്ന പദ്ധതി (ഭ്രഷ്ടാചാരി ബച്ചാവോ അഭിയാൻ) തുടങ്ങിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി ആരോപിച്ചിരുന്നു. ഇന്ത്യയിലെ എല്ലാ അഴിമതി മുഖങ്ങളും ഇപ്പോൾ ഒരേ വേദിയിൽ ഒത്തുചേരുകയാണ്. ഇന്ത്യ മഹത്തായ ഉയർച്ചകളിൽ നിൽക്കുമ്പോൾ, ഇന്ത്യക്കകത്തും പുറത്തുമുള്ള വിരുദ്ധ ശക്തികൾ ഒന്നിക്കുന്നത് സ്വാഭാവികമാണെന്നും മോദി പറഞ്ഞു. ഇന്ത്യക്ക് ഭരണഘടനാ സ്ഥാപനങ്ങൾ നൽകിയ ശക്തമായ അടിത്തറയുണ്ട്. അതുകൊണ്ടാണ് അവ ആക്രമണത്തിനിരയാകുന്നത്. അവയുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുകയാണ്. അഴിമതിക്കാർക്കെതിരേ അന്വേഷണ ഏജൻസികൾ നടപടിയെടുക്കുമ്പോൾ, ഏജൻസികൾ ആക്രമിക്കപ്പെടുകയും ചോദ്യംചെയ്യപ്പെടുകയും ഉണ്ടാകുന്നു. കോടതിയാണ് എതിർ വിധി പറയുന്നതെങ്കിൽ അവയും ചോദ്യം ചെയ്യപ്പെടുന്നു. അഴിമതി സംരക്ഷിക്കൽ പദ്ധതി (ഭ്രഷ്ടാചാരി ബച്ചാവോ അഭിയാൻ) നടത്താനാണ് ചില പാർട്ടികൾ ഒത്തുചേരുന്നതെന്ന് നിങ്ങൾ എല്ലാവരും കാണുന്നുണ്ടല്ലോ എന്നും മോദി പറഞ്ഞിരുന്നു. ഇതിനെതിരെയാണ് ഖാർഗെയുടെ രൂക്ഷ പ്രതികരണം വന്നിട്ടുള്ളത്.

# ബി. ബി. സി പഞ്ചാബിയുടെ ട്വിറ്റർ അക്കൗണ്ടിന് ഇന്ത്യയിൽ വിലക്ക്

ന്യൂഡൽഹി: ബി.ബി.സി പഞ്ചാബിയുടെ ടിറ്റർ അക്കൗണ്ടിന് ഇന്ത്യയിൽ വിലക്കേർപ്പെടുത്തി. അമൃത്പാൽ സിങ് , സിഖ് പ്രതിഷേധ വാർത്തകളുമായി ബന്ധപ്പെട്ടാണ് നടപടിയെന്നാണ് സൂചന. അധികൃതരുടെ നിർദേശത്തെ തുടർന്നാണ് അക്കൗണ്ട് സസ്പെൻഡ് ചെയ്തതെന്ന് ടിറ്റർ വ്യക്തമാക്കി. വിശദ വിവരങ്ങൾ ലഭ്യമായിട്ടില്ല. നേരത്തെ മാധ്യമപ്രവർത്തകരുടേയും കനേഡിയൻ അധികൃതരുടേയടക്കം ടിറ്റർ അക്കൗണ്ടുകൾക്കും വിലക്കേർപ്പെടുത്തിയിരുന്നു. ഗുജറാത്ത് കലാപവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി വിവാദത്തിന് പിന്നാലെ ഡൽഹിയിലെയും മുംബൈയിലെയും ബി.ബി.സി ഓഫിസുകളിൽ ആദായനികുതി വകുപ്പ് പരിശോധന നടത്തിയിരുന്നു. വലിയ വിവാദത്തിനാണ് ഈ പരിശോധന വഴിവച്ചത്.

# കൊലക്കേസ് പ്രതിയെത്തേടി യു. പിയിലെത്തിയ ഹരിയാന പോലിസ് ടാസ്ക് ഫോഴ്സിനെ എറിഞ്ഞോടിച്ച് ഗ്രാമവാസികൾ

ഷംലി: മോസ്റ്റ് വാണ്ടണ്ട് പട്ടികയിലുള്ള കൊലക്കേസ് പ്രതിയെ തേടി ഉത്തർപ്രദേശിലെത്തിയ ഹരിയാന പോലിസിനെ ഗ്രാമവാസികൾ എറിഞ്ഞോടിച്ചു. കല്ലും വടിയും ഉപയോഗിച്ചാണ് ഗ്രാമീണർ പോലിസിനെ ആക്രമിച്ചത്. ആക്രമണത്തിന് ശേഷം പോലിസിന്റെ പക്കലുണ്ടായിരുന്ന ആയുധങ്ങളും ഗ്രാമീണരിൽ ചിലർ സ്വന്തമാക്കി. ആക്രമണത്തിൽ പോലിസ് ഉദ്യോഗസ്ഥർക്ക് പരുക്കേറ്റു. ഹരിയാന പോലിസിന്റെ ഏഴംഗ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് സംഘത്തിന് നേരെയാണ് യു.പിയിലെ ഷംലിയിൽ ആക്രമണമുണ്ടായത്. കൊലപാതക ക്കേസിൽ പ്രതിയായ മുഹമ്മദ് സബ്രുദ്ദീൻ എന്നയാളെ തേടിയാണ് പോലിസ് എത്തിയത്. ഇയാളെ പിടികൂടാൻ സഹായിക്കുന്നവർക്ക് 20000 രൂപയും പോലിസ് പ്രഖ്യാപിച്ചിരുന്നു. പ്രതിയെ പിടികൂടി കൊണ്ടുപോകുന്നതിനിടെയാണ് ഗ്രാമവാസികളുടെ ആക്രമണമുണ്ടായത്. കൊലപാതകം, ആയുധം കടത്ത് കേസുകളിലാണ് സബ്രുദ്ദീനെ ഹരിയാന പോലിസ് അറസ്റ്റ് ചെയ്തത്. ഇയാളെ തേടി പൊലീസ് ഏറെക്കാലമായി തിരച്ചിൽ തുടങ്ങിയിട്ട്. സബ്രുദ്ദീൻ ഉത്തർപ്രദേശിലെ ഗ്രാമത്തിലുണ്ടെന്ന വിവരത്തെ തുടർന്നാണ് പോലിസ് സംഘം എത്തിയത്. എന്നാൽ, തന്റെ അനുയായികളേയും സഹോദരന്മാരേയും ഉപയോഗിച്ച് പോലിസിനെ തടയുകയായിരുന്നു. ഗ്രാമീണർ തന്നെ റെക്കോർഡ് ചെയ്ത വീഡിയോയിൽ, ഉദ്യോഗസ്ഥരിൽ നിന്ന് ലോഡ് ചെയ്ത തോക്ക് തട്ടിയെടുക്കാൻ ശ്രമിക്കുന്നത് കാണാം. പോലിസിന്റെ പക്കലുണ്ടായിരുന്ന എ.കെ 47 തോക്കും തട്ടിയെടുക്കാൻ ഗ്രാമീണർ ശ്രമിച്ചു. ഒടുവിൽ ഉത്തർപ്രദേശ് പോലിസ് സ്ഥലത്തെത്തിയാണ് ഹരിയാന പോലിസിനെ രക്ഷിച്ചത്. തുടർന്ന് എൻകൗണ്ടറിലൂടെ മുട്ടിന് താഴെ വെടിവെച്ചാണ് സബ്രുദ്ദീനെ പോലിസ് പിടികൂടിയത്. സംഭവത്തിൽ നാൽപതോളം പേർക്കെതിരേ കേസെടുത്തു. ഇതിൽ ആറ് പേരെ അറസ്റ്റ് ചെയ്തെന്ന് ഷംലി പോലിസ് എസ്.പി അഭിഷേക് പറഞ്ഞു. ഇവരിൽ നിന്ന് തോക്കും കണ്ടെടുത്തു.

# അമൃത്പാൽ സിംഗ് നേപ്പാളിന്റെ നിരീക്ഷണ പട്ടികയിൽ: രക്ഷപ്പെടാൻ ശ്രമിച്ചാൽ അറസ്റ്റ് ചെയ്യണമെന്ന് ഇന്ത്യ



ന്യൂഡൽഹി: നേപ്പാളിലേക്ക് കടന്ന വിഘടനവാദിയും വാരിസ് പഞ്ചാബ് ദേ നേതാവുമായ അമൃത്പാൽ സിംഗിനെ നിരീക്ഷണ പട്ടികയിൽ ഉൾപ്പെടുത്തിയതായി റിപ്പോർട്ട്. മൂന്നാമതൊരു രാജ്യത്തേക്ക് കടക്കാൻ ശ്രമിക്കുന്നത് തടയണമെന്ന ഇന്ത്യയുടെ ആവശ്യപ്രകാരമാണ് നടപടി. നേപ്പാളിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചാൽ സിംഗിനെ അറസ്റ്റ് ചെയ്യണമെന്ന് സർക്കാർ ഏജൻസികളോട് ആവശ്യപ്പെട്ടുക്കൊണ്ട് കോൺസുലർ സേനാ വകുപ്പിന് ഇന്ത്യൻ എംബസി കത്തയച്ചതായി 'കാഠ്മണ്ഡു' പത്രം റിപ്പോർട്ട് ചെയ്തു. അമൃതപാലിനെ കുറിച്ചുള്ള വിവരങ്ങൾ ഇന്ത്യൻ എംബസിയിൽ നിന്ന് ലഭിച്ചതായി നേപ്പാൾ ഇൻഫർമേഷൻ ഓഫിസർ കമൽ പ്രസാദ് പാണ്ഡെ പറഞ്ഞു. വിഘടനവാദികളുടെ ഗ്രൂപ്പിലെ അംഗമായ അമൃതപാൽ സിംഗിനെ നിരീക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണമെന്നായിരുന്നു കത്തിലെ ആവശ്യം. നേപ്പാളിലേക്ക് കടന്ന സിംഗ് ഒളിവിലാണെന്നാണ് സംശയിക്കുന്നത്. നേപ്പാളിൽ നിന്ന് ഇന്ത്യൻ പാസ്പോർട്ടോ വ്യാജപാസ്പോർട്ടോ ഉപയോഗിച്ച് കടക്കാൻ ശ്രമിച്ചാൽ അറസ്റ്റ് ചെയ്യണമെന്നായിരുന്നു ഇന്ത്യയുടെ ആവശ്യം. ഹോട്ടലുകൾ മുതൽ വിമാനങ്ങളടക്കം എല്ലാ ഏജൻസികൾക്കും അമൃതപാലിനെ കുറിച്ചുള്ള വിവരം കൈമാറിയിട്ടുണ്ട്. വ്യത്യസ്ത ഐഡന്റിറ്റികളുള്ള ഒന്നിലധികം പാസ്പോർട്ടുകൾ സിങിന്റെ കൈവശമുണ്ടെന്നും ഏജൻസി അറിയിച്ചു.

# കർണാടക നിയമസഭാ തെരഞ്ഞെടുപ്പ് മെയ് 10ന്: പോളിങ് ഒറ്റഘട്ടമായി നടത്തുമെന്ന് തെരഞ്ഞെടുപ്പ് കമ്മിഷൻ



കർണാടക നിയമസഭ തെരഞ്ഞെടുപ്പ് തിയതി തെരഞ്ഞെടുപ്പ് കമ്മിഷൻ പ്രഖ്യാപിക്കുന്നു

ബംഗളൂരു: കർണാടക നിയമസഭ തെരഞ്ഞെടുപ്പ് തിയതി പ്രഖ്യാപിച്ചു. മെയ് 10ന് ഒറ്റഘട്ടമായി പോളിങ് നടത്തുമെന്ന് മുഖ്യതെരഞ്ഞെടുപ്പ് കമ്മിഷണർ രാജീവ് കുമാർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. വോട്ടെണ്ണൽ മെയ് 13ന് നടക്കും. കർണാടകയിലെ 224 നിയമസഭാ മണ്ഡലങ്ങളിലായി 5.21 കോടി വോട്ടർമാരാണുള്ളത്. 58,282 പോളിങ് സ്റ്റേഷനുകളാണ് തെരഞ്ഞെടുപ്പിനായി ഒരുക്കുക. 2018-19ന് ശേഷം 9.17 ലക്ഷം വോട്ടർമാരുടെ വർധനവുണ്ടായി. 9,17,241 പുതിയ വോട്ടർമാർ ഇത്തവണ വോട്ട് ചെയ്യും. 41,312 ട്രാൻസ്ജെൻഡർ വോട്ടർമാരുണ്ട്. 29,141 ബൂത്തുകളിൽ വെബ്കാസ്റ്റിങ് ഏർപ്പെടുത്തും. ഏപ്രിൽ ഒന്നിന് 18 വയസ്സ് തികയുന്ന എല്ലാ യുവവോട്ടർമാർക്കും കർണാടക നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്താമെന്ന് ഇലക്ഷൻ കമ്മിഷൻ അറിയിച്ചു. നഗര മേഖലകളിലെ പോളിങ് കുറവ് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചു. സ്ഥാനാർത്ഥിയുടെ സത്യവാങ്മൂലം ഓൺലൈനായി വോട്ടർമാർക്ക് കാണാനാകും. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾക്ക് സിവിജിൽ ആപ്പ് തയ്യാറാക്കും. 80 വയസ്സ് പിന്നിട്ടവർക്കും ഭിന്നശേഷിക്കാർക്കും വീട്ടിലിരുന്ന് വോട്ട് ചെയ്യാൻ സൗകര്യമൊരുക്കുമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. അതേസമയം, രാഹുൽ ഗാന്ധിയുടെ മണ്ഡലമായ വയനാട് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിട്ടില്ല. വയനാട്ടിൽ ഉപതെരഞ്ഞെടുപ്പും തിടുക്കത്തിൽ നടത്തില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മിഷൻ പറഞ്ഞു.

# ആധാർ നമ്പർ ലിങ്ക് ചെയ്തതിൽ ബാങ്കിന് പിഴച്ചു: പണം തിരികെ നൽകാത്തിൽ ബീഡി തൊഴിലാളി അറസ്റ്റിൽ




റാഞ്ചി: ജാർഖണ്ഡിലെ പശ്ചിമ സിംഗ്ഭൂം ജില്ലയിൽ ബാങ്കിന് സംഭവിച്ച പിഴവു മൂലം ബീഡിത്തൊഴിലാളി അറസ്റ്റിൽ. 42കാരനായ ജീത്റാൽ സാമന്താണ് ബാങ്കിന് സംഭവിച്ച പിഴവു കാരണം അറസ്റ്റിലായത്. ഒരു സ്ത്രീയുടെ അക്കൗണ്ടുമായി ലിങ്ക് ചെയ്ത ആധാർ നമ്പറിലെ പിശകു കാരണം പണം ജീത്റാമിന്റെ അക്കൗണ്ടിലാണ് എത്തിയത്. അക്കൗണ്ട് നമ്പർ മാറി വന്നതാണെന്നറിയാതെ ജീത്റാൽ പണം പിൻവലിക്കുകയായിരുന്നു. ഗ്രാമത്തിലെ സേവാ കേന്ദ്രത്തിൽ നിന്ന് കൊവിഡ് കാലത്താണ് ഇയാൾ അക്കൗണ്ടിൽ പണമുള്ള കാര്യം ശ്രദ്ധിക്കുന്നത്. ഇതോടെ ബാങ്ക് പ്രതിനിധിയുടെ കൂടെ സഹായത്തോടെയാണ് ഇയാൾ പണം പിൻവലിച്ചത്. കഴിഞ്ഞ സെപ്റ്റംബറിലാണ് തന്റെ അക്കൗണ്ടിൽ നിന്ന് ഒരു ലക്ഷത്തിലധികം രൂപ കാണാതായത് ശ്രീമതി ലാഗൂരി എന്ന സ്ത്രീ ശ്രദ്ധിക്കുന്നത്. ഇവർ ബാങ്കിൽ പരാതി നൽകുകയായിരുന്നു. അധികൃതർക്ക് മാനേജർ പരാതി കൈമാറുകയായിരുന്നു. പിശക് കണ്ടെത്തിയതോടെ ജീത്റാലിനോട് പണം തിരികെ നൽകാൻ ബാങ്ക് ആവശ്യപ്പെടുകയായിരുന്നു. എന്നാൽ സ്വന്തം അക്കൗണ്ടിൽ നിന്ന് പിൻവലിച്ച പണം ചെലവിട്ടതിനാൽ തിരികെ നൽകാനാവാത്ത സ്ഥിതിയിലുമായി ജീത്റാൽ.

ഇതിന് പിന്നാലെയാണ് വിശ്വാസ വഞ്ചനയ്ക്ക് ജീത്റാലിനെതിരെ കേസ് എടുക്കുന്നത്. മാർച്ച് 24നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ആധാർ നമ്പർ ലിങ്ക് ചെയ്തപ്പോൾ സംഭവിച്ച പിഴവാണ് പണം ഇയാളുടെ അക്കൗണ്ടിലെത്താൻ കാരണമായതെന്ന് പോലിസ് വിശദമാക്കുന്നു. പണം പിൻവലിച്ച ശേഷം വിവരം മറ്റാരും അറിയാതിരിക്കാൻ സേവാ കേന്ദ്രത്തിലെ ജീവനക്കാരന് കൈക്കൂലി നൽകിയതിനാൽ തനിക്ക് അവകാശപ്പെട്ട പണമല്ല പിൻവലിച്ചതെന്ന ധാരണ ഇയാൾക്കുണ്ടെന്നാണ് പോലിസ് വിശദമാക്കുന്നത്.

പണം തിരികെ നൽകുന്നത് സംബന്ധിച്ച് നോട്ടീസ് നൽകിയപ്പോൾ പ്രധാനമന്ത്രി വാഗ്ദാനം ചെയ്ത പണമാണ് അക്കൗണ്ടിൽ വന്നതെന്നായിരുന്നു ഇയാൾ മറുപടി നൽകിയത്. ബാങ്കുകളുടെ ലയനത്തിനിടെ സംഭവിച്ച തകരാറ് മൂലമാണ് ആധാർ നമ്പർ മറ്റൊരു അക്കൗണ്ടുമായി ലിങ്ക് ചെയ്യപ്പെട്ടതെന്നാണ് സംഭവത്തേക്കുറിച്ച് പോലിസ് വിശദമാക്കുന്നത്.

# ക്ഷേമ പെൻഷൻ ലഭിക്കാൻ ബയോമെട്രിക് മസ്റ്ററിങ് നിർബന്ധം: ഏപ്രിൽ ഒന്ന് മുതൽ ആരംഭിക്കും

തിരുവനന്തപുരം: ക്ഷേമ പെൻഷൻ ഇനി ലഭിക്കുവാൻ മസ്റ്ററിങ് നിർബന്ധമാക്കി സർക്കാർ. 2022 ഡിസംബർ 31 വരെ സാമൂഹിക സുരക്ഷാ-ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിച്ച ഗുണഭോക്താക്കൾ ഏപ്രിൽ ഒന്ന് മുതൽ ജൂൺ 30 വരെ ബയോമെട്രിക് മസ്റ്ററിങ് നടത്തണമെന്നാണ് സർക്കാർ നിർദേശം. മസ്റ്ററിങ് അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് നടത്തേണ്ടത്. നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിങ് പൂർത്തിയാക്കിയവർക്ക് മാത്രമാണ് തുടർന്നുള്ള പെൻഷൻ ലഭിക്കുക. നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിങ് പൂർത്തീകരിക്കാത്തവർക്ക് എല്ലാ മാസവും ഒന്നു മുതൽ 20 വരെ മസ്റ്ററിങ് നടത്താം. അവർക്ക് മസ്റ്ററിങ് അനുവദിച്ച കാലയളവ് വരെയുള്ള പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. എന്നാൽ, മസ്റ്റർ ചെയ്യാത്ത കാലയളവിലെ പെൻഷൻ ലഭിക്കില്ല. മസ്റ്ററിങ് ചെയ്തവർക്ക് മാത്രമാണ് മസ്റ്ററിങ് കാലാവധിക്കു ശേഷമുള്ള പെൻഷൻ ലഭിക്കുക. യഥാസമയം മസ്റ്റർ ചെയ്യാത്തതിനാൽ കുടിശ്ശിക വരുന്ന പെൻഷൻ തുക പണം അനുവദിക്കുമ്പോൾ മാത്രമേ വിതരണം ചെയ്യുകയുള്ളൂ.

മസ്റ്ററിങ് ചെയ്യാൻ അക്ഷയകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തവർ അക്ഷയ കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്താൽ തുടർന്ന് അക്ഷയ കേന്ദ്രത്തിന്റെ പ്രതിനിധി വീട്ടിലെത്തി മസ്റ്ററിങ് നടത്തുന്നതാണ്. വയോജനങ്ങൾ, കിടപ്പുരോഗികൾ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവരാണ് റിപ്പോർട്ട് ചെയ്യേണ്ടത്. അക്ഷയ കേന്ദ്രങ്ങളിലെത്തി മസ്റ്റർ ചെയ്യുന്നതിന് 30 രൂപയും ഗുണഭോക്താക്കളുടെ വീടുകളിൽ പോയി മസ്റ്റർ ചെയ്യുന്നതിനായി 50 രൂപയും ഗുണഭോക്താവ് അക്ഷയ കേന്ദ്രത്തിന് ഫീസായി നൽകണം. ആധാർ ഇല്ലാതെ സാമൂഹിക സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ട 85 വയസ്സ് കഴിഞ്ഞവർ, 80 ശതമാനത്തിലധികം ശാരീരിക വൈകല്യമുള്ളവർ, സ്ഥിരമായി രോഗശയ്യയിലുള്ളവർ, ആധാർ ഇല്ലാതെ പെൻഷൻ അനുവദിക്കപ്പെട്ട ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ, ബയോമെട്രിക് മസ്റ്ററിങ് പരാജയപ്പെടുന്നവർ എന്നിവർ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിലോ ക്ഷേമനിധി ബോർഡുകളിലോ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിങ് പൂർത്തിയാക്കണം.

# വീടൊഴിയണം; സന്തോഷകരമായ ഓർമകൾക്ക് ജനങ്ങളോട് കടപ്പെട്ടിരിക്കുന്നു: പ്രതികരണവുമായി രാഹുൽ ഗാന്ധി

ന്യൂഡൽഹി: വീടൊഴിയണമെന്ന ലോക്സഭാ സെക്രട്ടേറിയറ്റിന്റെ നോട്ടീസിനോട് പ്രതികരിച്ച് രാഹുൽ ഗാന്ധി. അറിയിപ്പ് ലഭിച്ച പ്രകാരം വീട് ഒഴിയുമെന്നും നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഉറപ്പായും പാലിക്കുമെന്നും ലോക്സഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി ഡോ. മോഹിത് രാജന് എഴുതിയ കത്തിൽ രാഹുൽ വ്യക്തമാക്കി.

മാർച്ച് 23നാണ് രാഹുൽ ഗാന്ധിയെ ലോക്സഭാംഗത്വത്തിൽ നിന്ന് അയോഗ്യനാക്കിയത്. ഒരു മാസത്തിനുള്ളിൽ വീടൊഴിയണമെന്നാണ് നിർദേശിച്ചിരിക്കുന്നത്. കഴിഞ്ഞ നാല് തവണ ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗമെന്ന നിലയിൽ അവിടെ ചെലവഴിച്ച സമയത്തിന്റെ സന്തോഷകരമായ ഓർമകൾക്ക് ജനങ്ങളോട് കടപ്പെട്ടിരിക്കുന്നുവെന്നും രാഹുൽ കുറിച്ചു. 2004ൽ ആദ്യം എം.പിയായത് മുതൽ രാഹുൽ ഗാന്ധി താമസിക്കുന്നത് തുഗ്ലക് ലൈനിലെ പന്ത്രണ്ടാം നമ്പർ വസതിയിലാണ്.

കത്തിന് മറുപടിയായി നിർദേശം അനുസരിക്കുമെന്ന് രാഹുൽ ഗാന്ധി വ്യക്തമാക്കി. ജനങ്ങളുടെ വിധിയെഴുത്തനുസരിച്ചാണ് ഈ വസതിയിൽ കഴിഞ്ഞതെന്നും സന്തോഷപൂർണമായ ഓർമകളാണ് തനിക്കുള്ളതെന്നും രാഹുൽ നൽകിയ മറുപടിയിലുണ്ട്. അയോഗ്യനാക്കപ്പെട്ടതോടെ രാഹുൽ ഗാന്ധിക്ക് കിട്ടിയിരുന്ന എല്ലാ ആനുകൂല്യങ്ങളും നഷ്ടമാകുമെന്ന് നേരത്തെ തന്നെ ലോക്സഭാ സെക്രട്ടേറിയേറ്റ് വ്യക്തമാക്കിയിരുന്നു. ലോക്സഭ ഹൗസിംഗ് കമ്മിറ്റിയാണ് രാഹുലിന് നോട്ടീസ് അയച്ചത്. അതേസമയം, രാഹുലിന്റെ സുരക്ഷ വിലയിരുത്താൻ സി.ആർ.പി.എഫ് ഉടൻ യോഗം ചേരും. ലോക്സഭാ സെക്രട്ടേറിയറ്റ് കത്ത് നൽകിയതിന് പിന്നാലെയാണ് രാഹുലിന്റെ സുരക്ഷ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ ഇന്ന് യോഗം ചേരുന്നത്. നിലവിൽ സി.ആർ.പി.എഫിനാണ് രാഹുലിന്റെ സുരക്ഷാ ചുമതല. അയോഗ്യനാക്കപ്പെട്ടെങ്കിലും സുരക്ഷ കുറച്ചേക്കില്ലെന്നാണ് വിവരം. പുതിയ വസതിയുടെ സാഹചര്യം പരിശോധിച്ച് സുരക്ഷാ ക്രമീകരണങ്ങൾ അവിടെയൊരുക്കുന്നത് യോഗം വിലയിരുത്തും. 2019ലാണ് രാഹുലിന്റേയും സോണിയയുടേയും പ്രിയങ്കയുടേയും എസ്.പി.ജി സുരക്ഷ പിൻവലിച്ച് കേന്ദ്രം സി.ആർ.പി.എഫ് സുരക്ഷയാക്കിയത്.



തുഗ്ലക് ലൈനിലെ രാഹുൽഗാന്ധിയുടെ പന്ത്രണ്ടാം നമ്പർ വസതി

# കുറ്റകൃത്യം നടക്കുന്ന സമയത്ത് പ്രായപൂർത്തിയായില്ല: ഒരു കുടുംബത്തിലെ ഏഴ്പേരെ കൊലപ്പെടുത്തിയ കേസിലെ പ്രതിയെ വിട്ടയക്കാൻ ഉത്തരവിട്ട് സുപ്രീംകോടതി

ന്യൂഡൽഹി: കുറ്റകൃത്യം നടക്കുന്ന സമയത്ത് പ്രായപൂർത്തിയായില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് വധശിക്ഷാ പട്ടികയിലുള്ള പ്രതിയെ വിട്ടയക്കാൻ സുപ്രീം കോടതി ഉത്തരവ്. ഗർഭിണിയടക്കം ഒരു കുടുംബത്തിലെ ഏഴ് പേരെ കൊലപ്പെടുത്തിയ കേസിലെ പ്രതിയെയാണ് വിട്ടയക്കാൻ സുപ്രീം കോടതി ഉത്തരവിട്ടത്. കുറ്റകൃത്യം നടക്കുന്ന സമയത്ത് പ്രതിക്ക് പ്രായപൂർത്തി ആയില്ലെന്ന് കണ്ടെത്തിയതിന് പിന്നാലെയാണ് തീരുമാനം. നാരായൺ ചേതൻ റാം ചൗധരി എന്നയാൾക്കാണ് 28 വർഷത്തെ തടവിന് ശേഷം ജയിൽ മോചനത്തിനുള്ള വഴിയൊരുങ്ങിയത്. പ്രായപൂർത്തിയായ ശേഷമായിരുന്നു കേസിലെ വിചാരണ നടന്നത്. ഇതിലായിരുന്നു പ്രതിക്ക് വധശിക്ഷ വിധിച്ചത്. 2015ലെ ജുവനൈൽ ജസ്റ്റിസ് നിയമം അനുസരിച്ചാണ് തീരുമാനം. ജസ്റ്റിസ് കെ.എം ജോസഫ്, ജസ്റ്റിസ് അനിരുദ്ധ ബോസ്, ജസ്റ്റിസ് ഋഷികേശ് റോയ് എന്നിവരുടെ ബെഞ്ചിന്റേതാണ് തീരുമാനം. 1994ൽ മഹാരാഷ്ട്രയിലെ പൂനെയിലാണ് സംഭവം നടക്കുന്നത്. നാരായൺ ചേതൻ റാം ചൗധരി അടക്കമുള്ളവർ ചേർന്ന് അഞ്ച് സ്ത്രീകളേയും രണ്ട് കുട്ടികളേയും മോഷണ ശ്രമത്തിനിടെ കൊലപ്പെടുത്തിയത്. കൊല്ലപ്പെട്ടവരിലൊരാൾ ഗർഭിണിയും ആയിരുന്നു. രാജസ്ഥാനിൽ നിന്ന് 1994ൽ സെപ്തംബർ അഞ്ചിനാണ് ഇയാളെ പിടികൂടുന്നത്. കുറ്റകൃത്യം നടക്കുന്ന സമയത്ത് ഇയാളുടെ പ്രായം 12 ആണെന്ന് തെളിയിക്കുന്ന രാജസ്ഥാനിലെ സർക്കാർ സ്കൂളിലെ സർട്ടിഫിക്കറ്റാണ് ഇയാൾക്ക് രക്ഷയായത്.

1998ലാണ് കോടതി ഇയാളെ തെറ്റുകാരനാണെന്ന് കണ്ടെത്തി വധശിക്ഷയ്ക്ക് വിധിക്കുന്നത്. 2000 സെപ്തംബറിൽ ഇയാൾക്ക് വധശിക്ഷ നൽകാനുള്ള തീരുമാനം ശരിയാണെന്ന് സുപ്രീം കോടതിയും ശരിവച്ചിരുന്നു. സഹ കുറ്റവാളികളിലൊരാളായ ജീതേന്ദ്ര നൈൻസിംഗിന്റെ ശിക്ഷ 2016ൽ നടപ്പിലാക്കിയിരുന്നു. നിലവിൽ നാഗ്പൂർ സെൻട്രൽ ജയിലിലാണ് നാരായൺ ചേതൻ റാം ചൗധരിയുള്ളത്. കുട്ടിയെന്ന നിലയിൽ പരമാവധി നൽകാനുള്ള തടവ് മൂന്ന് വർഷമാണ്. ഈ ശിക്ഷ ഇതിനോടകം നാരായൺ ചേതൻ റാം ചൗധരി അനുഭവിച്ചതായി കോടതി വിശദമാക്കി. അതിനാൽ നാരായൺ ചേതൻ റാം ചൗധരിയെ ഉടൻ വിട്ടയക്കണമെന്ന് സുപ്രീം കോടതി ഉത്തരവിടുകയായിരുന്നു. എന്നാൽ ഹാജരാക്കിയ വിവിധ രേഖകൾ അനുസരിച്ച് പ്രതിക്ക് പല പ്രായമാണ് കാണിക്കുന്നതെന്നാണ് മഹാരാഷ്ട്രാ സർക്കാർ കോടതിയിൽ വാദിച്ചത്. കുറ്റപത്രം അനുസരിച്ച് 20–22 ഉം, വോട്ടർ പട്ടിക അനുസരിച്ച് കുറ്റകൃത്യം നടക്കുമ്പോൾ 19 ഉം വയസുണ്ടെന്നുമാണ് സർക്കാർ കോടതിയെ അറിയിച്ചത്. എന്നാൽ ഈ വാദം കോടതി കണക്കിലെടുത്തില്ല.

# സൈന്യത്തിന്റെ 653 വെടിയുണ്ടകൾ കാണാതായി; നഗരത്തിൽ ലോക് ഡൗൺ പ്രഖ്യാപിച്ച് കിം ജോങ് ഉൻ

സിയോൾ: ഉത്തര കൊറിയൻ സൈന്യത്തിന്റെ പക്കൽ നിന്ന് വെടിയുണ്ടകൾ കാണാതായതിനെ തുടർന്ന് രണ്ട് ലക്ഷത്തോളം ജനങ്ങൾ പാർക്കുന്ന നഗരത്തിൽ കിം ജോങ് ഉൻ ലോക്ഡൗൺ പ്രഖ്യാപിച്ചെന്ന് റിപ്പോർട്ട്. സൈന്യത്തിന്റെ 653 റൈഫിൾ ബുള്ളറ്റുകൾ കാണാതായതിനെ തുടർന്ന് അവ കണ്ടെത്തുന്നതിനാണ് ഉത്തരകൊറിയയിലെ ഹെയ്സാൻ നഗരത്തിൽ ലോക് ഡൗൺ ഏർപ്പെടുത്തിയതെന്നാണ് വിവരം.

മാർച്ച് ഏഴിനാണ് റൈഫിൾ ബുള്ളറ്റുകൾ കാണാതായതായി മേലുദ്യോഗസ്ഥരോട് സൈന്യം റിപ്പോർട്ട് ചെയ്യുന്നത്. ഫെബ്രുവരി 25നും മാർച്ച് 10നും ഇടയിൽ ചൈന അതിർത്തിയോട് ചേർന്ന് നിൽക്കുന്ന സൈന്യത്തെ പിൻവലിച്ച സമയത്താണ് ബുള്ളറ്റുകൾ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽ പെട്ടതെന്ന് വാർത്ത ഏജൻസിയായ റേഡിയോ ഫ്രീ ഏഷ്യ റിപ്പോർട്ടിൽ പറയുന്നു. നഷ്ടപ്പെട്ട ബുള്ളറ്റുകൾക്കായി സൈനികർ രഹസ്യമായി തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ല. തുടർന്നാണ് മേലുദ്യോഗസ്ഥരെ വിവരം അറിയിച്ചത്. ഇതോടെ വ്യാപക പരിശോധന നടത്താനും ബുള്ളറ്റുകൾ തിരികെ ലഭിക്കുംവരെ നഗരത്തിൽ ലോക്ഡൗൺ ഏർപ്പെടുത്താനും കിം ജോങ് ഉൻ ഉത്തരവിടുകയായിരുന്നു. നഗരത്തിലെ ഓരോ വീടുകളിലും ഉദ്യോഗസ്ഥർ പരിശോധിച്ചു വരികയാണെന്ന് പ്രദേശവാസികൾ പറഞ്ഞതായി റിപ്പോർട്ടിൽ പറയുന്നു. വെടിയുണ്ടകൾ കാണാതായതുമായി ആർക്കെങ്കിലും ബന്ധമുണ്ടെങ്കിൽ ശക്തമായ ശിക്ഷ ലഭിക്കുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ, പരിശോധന ആരംഭിച്ച് പത്ത് ദിവസം കഴിഞ്ഞിട്ടും ബുള്ളറ്റുകൾ സംബന്ധിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ലെന്നാണ് റിപ്പോർട്ട്.



ഇസ്രയേലിൽ ജഡ്ജിമാരെ നിയമിക്കുന്ന സംവിധാനം മാറ്റാനുള്ള പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ നീക്കത്തിനെതിരേ പ്രതിഷേധിക്കുന്ന ജനക്കൂട്ടം

# ഇസ്രയേലിൽ സർക്കാർ വിരുദ്ധ പ്രക്ഷോഭം: നിയമ ഭേദഗതി മരവിപ്പിച്ചു

ടെൽ അവീവ്: ഇസ്രയേലിൽ നെതന്യാഹു സർക്കാരിന്റെ നിയമഭേദഗതിക്കെതിരേ ജനം ഒന്നടങ്കം തെരുവിലിറങ്ങി പ്രതിഷേധം ശക്തമാക്കി. ഇതോടെ സർക്കാർ വിരുദ്ധ പ്രക്ഷോഭത്തിന് കാരണമായ നിയമ ഭേദഗതി മരവിപ്പിച്ച് നെതന്യാഹു സർക്കാർ. ജഡ്ജിമാരെ നിയമിക്കുന്ന സംവിധാനം മാറ്റാനുള്ള പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ നീക്കത്തിനെതിരേയാണ് ഇസ്രായേലിലെ ഏറ്റവും വലിയ തൊഴിലാളി സംഘടന സമരം നടത്തി വരുന്നത്. നിയമ ഭേദഗതിക്കെതിരെ പ്രതിഷേധം അതിശക്തമായതോടെയാണ് ഭേദഗതിയിൽ നിന്ന് പിന്നോട്ട് പോകാനുള്ള സർക്കാർ തീരുമാനം. ആഭ്യന്തര യുദ്ധം ചർച്ചകളിലൂടെ ഒഴിവാക്കാനുള്ള അവസരമുള്ളപ്പോൾ അത് വിനിയോഗിക്കണമെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഭേദഗതി മരവിപ്പിച്ചുകൊണ്ട് പറഞ്ഞു. കോടതി വിധികളെ മറികടക്കുന്ന നിയമം നെതന്യാഹു സർക്കാർ പാസാക്കിയതിന് എതിരേ ജനം ദേശീയ പതാകയുമായി തെരുവിലിറങ്ങുകയായിരുന്നു. സർക്കാർ ജീവനക്കാരും സമരത്തിൽ പങ്കെടുത്തതോടെ ഓഫീസ് പ്രവർത്തനങ്ങളും നിലച്ചിരുന്നു. ഗതാഗതവും വിമാന സർവീസും തടസപ്പെട്ടിരുന്നു. ഇതോടെയാണ് പിൻമാറാനുള്ള സർക്കാർ തീരുമാനം വന്നത്. ഇസ്രായേലിലെ തൊഴിലാളി സംഘടന നടത്തുന്ന സമരത്തിന്റെ ഭാഗമായി ഇന്നലെ ഡൽഹിയിലെ ഇസ്രായേൽ എംബസി അടച്ചിരുന്നു.

# മെക്സിക്കോ കുടിയേറ്റ ക്യാമ്പിൽ തീപിടിത്തത്തിൽ 40 മരണം: തീയിട്ടത് കുടിയേറ്റക്കാർ തന്നെയെന്ന് പ്രസിഡന്റ് ആന്ദ്രേ മാനുവൽ ലോപ്പസ്

മെക്സിക്കോ സിറ്റി: മെക്സിക്കോയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരുടെ ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ 40 പേർ മരിച്ചു. തിങ്കളാഴ്ച്ച പ്രാദേശികസമയം രാത്രി പത്തുമണിക്കാണ് അപകടമുണ്ടായത്. വടക്കൻ മെക്സിക്കോ-യുഎസ് അതിർത്തിക്ക് സമീപത്തെ സിയുഡാഡ് ഹുവാരെസിലെ ക്യാമ്പിലാണ് അപകടമുണ്ടായത്. ആദ്യമായാണ് കുടിയേറ്റക്കാരെ പാർപ്പിക്കുന്ന ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ ഇത്രയും അധികം പേർ മരിക്കുന്നത്. അതേസമയം, പ്രതിഷേധത്തിന്റെ ഭാഗമായി കുടിയേറ്റക്കാർ ക്യാമ്പിലെ ബെഡുകൾക്ക് തീയിട്ടതാണ് അപകടത്തിന് കാരണമായതെന്ന് മെക്സിക്കൻ പ്രസിഡന്റ് ആന്ദ്രേ മാനുവൽ ലോപ്പസ് പറഞ്ഞു.

നാടുകടത്തുമെന്ന ഭയത്തിലായിരുന്നു കുടിയേറ്റക്കാർ. ഇതിൽ പ്രതിഷേധിച്ചാണ് അവർ ബെഡുകൾക്ക് തീയിട്ടതെന്നും പ്രസിഡന്റ് പറഞ്ഞു. മെക്സിക്കോ ദേശീയ മൈഗ്രേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്യാമ്പിലാണ് അപകടമുണ്ടായത്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള 68 കുടിയേറ്റക്കാരെയാണ് ഇവിടെ താമസിപ്പിച്ചിരുന്നതെന്നും അപകടത്തിൽ പരുക്കേറ്റവരെ സമീപത്തെ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും അധികൃതർ അറിയിച്ചു. സംഭവത്തിൽ അറ്റോർണി ജനറലിന്റെ ഓഫീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഗ്വാട്ടിമാല, വെനസ്വേല, കൊളംബിയ, ഇക്വഡോർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവരാണ് അപകടത്തിൽപ്പെട്ടത്. മരിച്ചവരിൽ 28 പേരും ഗ്വാട്ടിമാല പൗരൻമാരാണെന്ന് വിദേശകാര്യമന്ത്രി അറിയിച്ചു. അപകടം സംബന്ധിച്ച് വിശദമായ അന്വേഷണം വേണമെന്ന് യു.എൻ സെക്രട്ടറി ജനറൽ ആവശ്യപ്പെട്ടു. അപകടത്തിൽപ്പെട്ടവരെ സ്വീകരിക്കാൻ ആരോഗ്യസംവിധാനങ്ങൾ സജ്ജമാണെന്ന് യു.എസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ അധികൃതർ അറിയിച്ചിട്ടുണ്ടെന്നും റിപ്പോർട്ടുണ്ട്.



തീപിടിത്തമുണ്ടായ മെക്സിക്കോ കുടിയേറ്റ ക്യാമ്പിൽ നിന്നുള്ള ദൃശ്യം

# ബ്രഹ്മപുരത്ത് നിരീക്ഷണത്തിന് പ്രവേശനകവാടങ്ങളിൽ മുഴുവൻ സമയവും സുരക്ഷാ ജീവനക്കാർ

കൊച്ചി: ബ്രഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടിത്തത്തെ തുടർന്ന് നിരീക്ഷണത്തിനായി പ്രവേശന കവാടങ്ങളിൽ മുഴുവൻ സമയവും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിക്കാൻ തീരുമാനം. പ്ലാന്റിലേക്ക് വരികയും പോകുകയും ചെയ്യുന്ന വാഹനങ്ങളുടെ നമ്പർ, സമയം, ഡ്രൈവറുടെ പേര്, ഫോൺ നമ്പർ, ലൈസൻസ് നമ്പർ എന്നിവ സെക്യൂരിറ്റി ജീവനക്കാർ കൃത്യമായി രേഖപ്പെടുത്തണം. തീപിടിത്തത്തെ തുടർന്ന് രൂപീകരിച്ച എംപവേർഡ് കമ്മിറ്റിയുടെ യോഗത്തിലാണ് തീരുമാനം. പ്രവേശന കവാടങ്ങളിൽ സെക്യൂരിറ്റി ക്യാബിനുകൾ സജ്ജീകരിക്കണം. കോർപറേഷനാണ് സെക്യൂരിറ്റി ജീവനക്കാരെ നിയോഗിക്കാനുള്ള ചുമതല. പ്ലാന്റിന്റെ നിശ്ചിത സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുകയും കേന്ദ്രീകൃത കൺട്രോൾ റൂമിൽ നിന്ന് അഗ്നിബാധ ഉണ്ടാകുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചെയ്യണം. അഗ്നിബാധ അണയ്ക്കുന്നതിന് അത്യാധുനിക ഉപകരണങ്ങൾ മാലിന്യപ്ലാന്റിൽ സൂക്ഷിക്കണം. പ്ലാന്റ് സെക്ടറുകളായി തിരിച്ച് നിരീക്ഷിക്കുന്നതിന് വാച്ച് ടവറുകൾ, വാട്ടർ മോണിറ്റർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. കോർപറേഷന്റെ നേതൃത്വത്തിൽ മുഴുവൻ സമയവും ഫയർ വാച്ചർമാരെ നിയോഗിക്കാനും പ്ലാന്റിലും സമീപപ്രദേശങ്ങളിലും പോലിസ് പട്രോളിംഗ് ശക്തമാക്കാനും തീരുമാനിച്ചു. മാലിന്യക്കൂമ്പാരങ്ങളുടെ ഉയരം ക്രമപ്പെടുത്തണം. അഗ്നിശമന വാഹനങ്ങൾക്ക് സഞ്ചരിക്കാൻ സാധിക്കും വിധം 10 മീറ്റർ അകലത്തിൽ കൂമ്പാരങ്ങൾ തമ്മിലുള്ള അകലം ക്രമീകരിക്കണം. വേനൽക്കാലം കഴിയുംവരെ മാലിന്യ കൂനകൾ മുഴുവൻ സമയവും നനച്ച് നിർത്തണം. മാലിന്യ പ്ലാന്റിലേക്കുള്ള എല്ലാ റോഡുകളും അഗ്നിശമന വാഹനങ്ങൾക്ക് സഞ്ചരിക്കാവുന്ന രീതിയിൽ നവീകരിക്കുന്നതിനും യോഗത്തിൽ തീരുമാനമായി. പ്ലാന്റിൽ ജോലിക്ക് നിയോഗിക്കുന്നവരുടെ ആരോഗ്യ സ്ഥിതി നിരീക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും, ജീവൻ രക്ഷാ മരുന്നുകൾ മുതലായവ സൈറ്റിൽ കരുതണമെന്നും യോഗം നിർദേശിച്ചു. ഈ നടപടികൾ ഏപ്രിൽ 17ന് മുമ്പായി കൊച്ചി കോർപറേഷൻ പൂർത്തികരിക്കാനും അല്ലാത്തപക്ഷം ദുരന്ത നിവാരണ നിയമപ്രകാരം സെക്ഷൻ 51 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും യോഗം തീരുമാനിച്ചു.



# 'രാഹുൽ ഗാന്ധിയെ രക്ഷിക്കാൻ കോൺഗ്രസ് അഭിഭാഷകരെ നിയോഗിക്കാത്തത് അത്ഭുതപ്പെടുത്തുന്നു'

ന്യൂഡൽഹി: ലോക്സഭാ എം.പി സ്ഥാനത്തുനിന്ന് അയോഗ്യനാക്കപ്പെട്ട രാഹുൽ ഗാന്ധിക്കെതിരേ കോൺഗ്രസിൽ ഗൂഢാലോചന നടക്കുന്നുണ്ടോയെന്ന് സംശയിക്കുന്നുവെന്ന് കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ. അപകീർത്തി കേസിൽ നിന്ന് രാഹുൽ ഗാന്ധിയെ രക്ഷിക്കാൻ കോൺഗ്രസ് പ്രമുഖ അഭിഭാഷകരെ നിയോഗിക്കാത്തതിൽ അത്ഭുതം തോന്നുന്നുവെന്ന് അദ്ദേഹം പറഞ്ഞു. പവൻ ഖേരയെ രക്ഷിക്കാൻ മണിക്കൂറുകൾക്കുള്ളിൽ നിരവധി അഭിഭാഷകരെത്തിയിട്ടും രാഹുലിനെതിരായ കേസിൽ കോൺഗ്രസ് കോടതിയെ സമീപിക്കുന്നില്ല എന്നത് മനഃപൂർവമുള്ള കോൺഗ്രസ് ഗൂഢാലോചനയാണോ എന്ന് കേന്ദ്രമന്ത്രി ചോദിച്ചു. രാഹുലിനെ അയോഗ്യനാക്കിയതിൽ കേന്ദ്രസർക്കാരിനോ ലോകസഭ സെക്രട്ടേറിയറ്റിനോ യാതൊരു പങ്കുമില്ലെന്നും അനുരാഗ് താക്കൂർ കൂട്ടിച്ചേർത്തു. അതേസമയം, രാഹുലിനെതിരായ നടപടിയിൽ സ്പീക്കർക്കെതിരേ അവിശ്വാസ നോട്ടീസ് നൽകുമെന്ന് കോൺഗ്രസ് വ്യക്തമാക്കി. ഇക്കാര്യത്തിൽ പ്രതിപക്ഷ പാർട്ടികളുടെ നിലപാട് തേടിയിട്ടുണ്ട്. രാഹുൽ ഗാന്ധിക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കോൺഗ്രസ് നടത്തുന്ന ജയ് ഭാരത് സത്യഗ്രഹം ഇന്ന് ആരംഭിക്കും. 30–ാം തീയതി വരെയാണ് രാജ്യവ്യാപക സത്യഗ്രഹം നടക്കുന്നത്. സംസ്ഥാന, ജില്ലാ, ബ്ലോക്ക്, മണ്ഡലം തലങ്ങളിലാണ് പ്രതിഷേധപരിപാടികൾ നടക്കുന്നത്. മുതിർന്ന നേതാക്കൾ പങ്കെടുക്കുന്ന യോഗങ്ങളും സമൂഹമാധ്യമങ്ങളിൽ പ്രചരണങ്ങളും പരിപാടിയുടെ ഭാഗമായി നടത്താനാണ് കോൺഗ്രസ് തീരുമാനം.



# വിദ്യാഭ്യാസ സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരത്തിന് കുട്ടികളുടെ ഫോട്ടോ ഉപയോഗിച്ച് പരസ്യം അരുത്: ബാലാവകാശ കമ്മിഷൻ

തിരുവനന്തപുരം: സ്കോളർഷിപ്പ് പരീക്ഷകളിൽ സ്കൂളുകൾ തമ്മിലുള്ള മത്സരമാണ് നിലനിൽക്കുന്നതെന്ന് സംസ്ഥാന ബാലാവകാശ കമ്മിഷൻ. ഇത്തരം കനത്ത മത്സരബുദ്ധിയുളവാക്കുന്ന സാഹചര്യങ്ങൾ കുട്ടികളിൽ കനത്ത മാനസിക സംഘർഷം സൃഷ്ടിക്കുന്നതായി കമ്മീഷൻ ചൂണ്ടിക്കാട്ടി.

എൽ.എസ്.എസ്, യു.എസ്.എസ് പോലുള്ള സ്കോളർഷിപ്പ് പരീക്ഷകളിൽ ഏറ്റവും കൂടുതൽ വിദ്യാർഥികളെ പങ്കെടുപ്പിക്കുന്നതിന് സ്കൂളുകൾ തമ്മിൽ മത്സരമാണെന്നും പരീക്ഷകൾ എഴുതുന്നതിനു വേണ്ടി കുട്ടികൾ രാത്രികാല പരിശീലന ക്ലാസിനു പോകേണ്ട സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും കമ്മീഷൻ കുറ്റപ്പെടുത്തി. മത്സര റിസൾട്ടുകളിൽ കുട്ടികളുടെ ഫോട്ടോ ഉപയോഗിച്ച് സ്കൂളുകൾക്ക് മുമ്പിൽ പ്രദർശന ബോർഡുകളും പരസ്യങ്ങളും സ്ഥാപിക്കുന്നത് വിലക്കിക്കൊണ്ട് ബാലാവകാശ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു. കുട്ടികളുടെ ഫോട്ടോ ഉപയോഗിച്ചുള്ള പരസ്യ ബോർഡുകൾ വിലക്കിക്കൊണ്ടുള്ള ഉത്തരവ് വിദ്യാലയങ്ങൾക്ക് കൈമാറാൻ കമ്മീഷൻ അധികൃതരെ ചുമതലപ്പെടുത്തി. കുട്ടികളിൽ അനാവശ്യ മത്സരബുദ്ധിയും സമ്മർദവും സൃഷ്ടിക്കുന്ന പരീക്ഷകളിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് കമ്മീഷൻ പറഞ്ഞു. അവധിക്കാലത്ത് പരീക്ഷ നടത്താനുള്ള സർക്കാർ തീരുമാനത്തിൽ പോരായ്മകളുണ്ടെന്ന് ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ.വി മനോജ് കുമാർ പറഞ്ഞു.



# തിരുവനന്തപുരം വിമാനത്താവളത്തിൽ ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റ പണിക്കിടെ ലൈറ്റ് പാനൽ താഴേക്ക് പതിച്ച് ഒരു മരണം

തിരുവനന്തപുരം: തിരുവനന്തപുരം വിമാനത്താവളത്തിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനിടെ ഉണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. പേട്ട സ്വദേശി അനിൽ കുമാറാണ്(48) മരിച്ചത്. മൂന്നു പേർക്ക് പരിക്കേറ്റു. ചൊവ്വാഴ്ച രാവിലെ വിമാനത്താവളത്തിനുള്ളിൽ റൺവേയ്ക്ക് സമീപമുള്ള ഹൈമാസ്റ്റ് ലൈറ്റിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനിടെയാണ് അപകടം.

ഹൈമാസ്റ്റ് ലൈറ്റ് അഴിച്ച് ഇരുമ്പ് വടം ഉപയോഗിച്ച് ലൈറ്റ് താഴേക്ക് ഇറക്കുന്നതിനിടെ വടം പൊട്ടുകയായിരുന്നു. ഇതോടെ വലിയ ഭാരമുള്ള ലൈറ്റിന്റെ പാനൽ അനിൽകുമാറിന്റെ തലയിൽ വന്ന് ഇടിച്ചു. അനിൽകുമാർ തൽക്ഷണം മരിച്ചു. ഇയാൾക്കൊപ്പം ജോലി ചെയ്തിരുന്ന മൂന്ന് പേർക്കും പരുക്കേറ്റിട്ടുണ്ട്. അതിൽ ഒരാളുടെ നില ഗുരുതരമാണ്. പരുക്കേറ്റ നോബിൾ, അശോക് , രഞ്ജിത്ത് എന്നിവരെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.



അനിൽകുമാർ



തിരുവനന്തപുരം വിമാനത്താവളത്തിൽ ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റ പണിക്കിടെ താഴേക്ക് പതിച്ച ലൈറ്റ് പാനൽ



ടി. ദാമോദരൻ മാസ്റ്ററുടെ പതിനൊന്നാം ചരമവാർഷിക ദിനാചരണത്തോടനുബന്ധിച്ച് സാംസ്കാരികം കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുന്ന വി.ആർ സുധീഷ്

## മലയാള സിനിമയെ രാഷ്ട്രീയവൽക്കരിച്ചതിൽ പ്രമുഖനായിരുന്നു ടി.ദാമോദരൻ മാസ്റ്റർ: വി.ആർ സുധീഷ്

കോഴിക്കോട്: മലയാള സിനിമയെ രാഷ്ട്രീയവൽക്കരിച്ചതിൽ പ്രമുഖനായിരുന്നു ടി. ദാമോദരൻ മാസ്റ്ററെന്ന് പ്രശസ്ത എഴുത്തുകാരൻ വി.ആർ സുധീഷ് പറഞ്ഞു. തിരക്കഥാകൃത്ത് ടി. ദാമോദരൻ മാസ്റ്ററുടെ പതിനൊന്നാം ചരമവാർഷിക ദിനാചരണത്തോടനുബന്ധിച്ച് സാംസ്കാരികം കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ ഓരോ സിനിമയും വ്യത്യസ്തമായ രാഷ്ട്രീയം പറഞ്ഞു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള മനുഷ്യരേയും അങ്ങാടിയിലെ തൊഴിലാളികളേയും അദ്ദേഹം മലയാളികൾക്ക് മുമ്പിൽ നിത്യ സ്മരണയായി മാറ്റി. പിൽക്കാലത്തെ ചലച്ചിത്ര പ്രവർത്തകർക്ക് മാതൃകയാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെന്നും സുധീഷ് കൂട്ടിച്ചേർത്തു. മലയാള ചലച്ചിത്രകാണികൾ പ്രസിഡന്റ് ഷെവ. സി.ഇ ചാക്കുണ്ണി അധ്യക്ഷത വഹിച്ചു. ഡോക്ടർ കെ. മൊയ്തു അനുസ്മരണ പ്രഭാഷണം നടത്തി. അഡ്വ.എം.രാജൻ, പി.ബാലൻ, എ.കെ മുഹമ്മദലി, പി.ഐ. അജയൻ എന്നിവർ പ്രസംഗിച്ചു. ഇന്നസെന്റ്, വിക്രമൻ നായർ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനവും രേഖപ്പെടുത്തി.

# ഇമാദ് ലോഗോ പ്രകാശനം ചെയ്തു

കോഴിക്കോട്: ജെ.ഡി.ടിയും ഇഖ്റ ഹോസ്പിറ്റലും വിഭാവനം ചെയ്യുന്ന പ്രസ്ഥാനമായ ഇമാദിന്റെ ലോഗോ മലബാർ ഗ്രൂപ്പ് ചെയർമാനും ജെ.ഡി.ടി ശതാബ്ദി ആഘോഷകമ്മിറ്റി ചെയർമാനുമായ എം.പി അഹമ്മദ് പ്രകാശനം ചെയ്തു. ജനങ്ങളുടെ സഹായത്തോടെ വിദ്യാഭ്യാസ-ആരോഗ്യ രംഗത്തെ ചാരിറ്റി പ്രവർത്തനങ്ങൾ കൂടുതൽ ജനകീയ മാക്കുക എന്നതാണ് ഇമാദ് ചാരിറ്റിയിലൂടെ ലക്ഷ്യമിടുന്നതെന്ന് ഡോ.പി.സി അൻവർ (എക്സി.ഡയരക്ടർ ഇഖ്റ ഹോസ്പിറ്റൽ ആന്റ് ജെ.ഡി.ടി ഇസ്ലാം ഓർഫനേജ് കമ്മിറ്റി സെക്രട്ടറി) പറഞ്ഞു. ജെ.ഡി.ടിയുടെ ശതാബ്ദി കാലയളവിൽ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഊന്നി വിദ്യാഭ്യാസ-ആരോഗ്യമേഖലകളിൽ സാധാരണക്കാർക്കും ഇടത്തരക്കാർക്കും ക്ഷേമപദ്ധതികൾ നടപ്പിലാക്കും. അടുത്ത ഒരു വർഷത്തിനകം ഇമാദിലേക്ക് പൊതുജനങ്ങളിൽ നിന്ന് 30 കോടി രൂപ സമാഹരിക്കും. ഈ തുക ജെ.ഡി.ടിയിലും ഇഖ്റയിലും പ്രഖ്യാപിക്കപ്പെടുന്ന ചാരിറ്റി പ്രവർത്തനങ്ങൾക്കായി ചിലവഴിക്കും. ജെ.ഡി.ടിക്ക് കീഴിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ നിർദേശങ്ങൾക്കനുസൃതമായി 25 ശതമാനം സീറ്റുകൾ അനാഥരും അഗതികളുമായ വിദ്യാർഥികൾക്ക് സൗജന്യമായി നീക്കിവയ്ക്കും. ഇഖ്റ ആശുപത്രി പ്രതിമാസം രണ്ടരക്കോടി രൂപയുടെ ചാരിറ്റി പ്രവർത്തനം നടത്തി വരികയാണ്. ഇമാദിലൂടെ സാമ്പത്തികമായി ഏറ്റവും പ്രയാസമനുഭവിക്കുന്ന രോഗികൾക്ക് എല്ലാ ദിവസങ്ങളിലും കിഡ്നി/ലിവർ മാറ്റിവയ്ക്കൽ, ആൻജിയോപ്ലാസ്റ്റി, മറ്റ് വിവിധ സ്പെഷ്യാലിറ്റി-സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ചെലവേറിയ സർജറികൾ ചെയ്ത് കൊടുക്കും. അനാഥകളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക പാക്കേജ്, പുതിയ മെഡിക്കൽ കോളേജും നിലവിലെ മെഡിക്കൽ അനുബന്ധ കോഴ്സുകളും ഉൾപ്പെടുത്തിയുള്ള മെഡിക്കൽ ഡീംസ് യൂണിവേഴ്സിറ്റി, ഇഖ്റ ആശുപത്രിയെ ആയിരം കിടക്കകളിലേക്ക് വ്യാപിപ്പിച്ച് മികവിന്റെ കേന്ദ്രമാക്കൽ, 100 ബഡ്ജറ്റ് ഇമ്മ്യൂണിറ്റി ക്ലിനിക്കുകൾ, എല്ലാ ജില്ലകളിലും ഇഖ്റ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ, 100 ഇഖ്റ ഫാർമസികൾ, ഡിജിറ്റലൈസേഷൻ സമ്പൂർണമാക്കി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം, അടിസ്ഥാന സൗകര്യ വികസനത്തിന് മാസ്റ്റർ പ്ലാൻ, മാനുഷിക മൂല്യങ്ങൾക്ക് ആവിഷ്കാരമടക്കമുള്ള പത്തിന പദ്ധതികളാണ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടപ്പാക്കുന്നതെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ജെ.ഡി.ടി പ്രസിഡന്റ് ഡോ.വി.ഇദ്രിസ്, ജോ.സെക്രട്ടറി എം.പി അബ്ദുൽ ഗഫൂർ, ട്രഷറർ സി.എ ആരിഫ്, ഡോ. ഹംസ തയ്യിൽ, ഇഖ്റ ജനറൽ മാനേജർ മുഹമ്മദ് ജസീൽ എന്നിവർ സംബന്ധിച്ചു.



ജെ.ഡി.ടിയും ഇഖ്റ ഹോസ്പിറ്റലും വിഭാവനം ചെയ്യുന്ന പ്രസ്ഥാനമായ ഇമാദിന്റെ ലോഗോ മലബാർ ഗ്രൂപ്പ് ചെയർമാനും ജെ.ഡി.ടി ശതാബ്ദി ആഘോഷകമ്മിറ്റി ചെയർമാനുമായ എം.പി അഹമ്മദ് പ്രകാശനം ചെയ്തപ്പോൾ

# തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ കർണാടകയിൽ ബി.ജെ.പി സർക്കാരിന് പ്രഹരമായി ബഞ്ചാര പ്രക്ഷോഭം

ബംഗളൂരു: തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ച കർണാടകയിൽ ബി.ജെ.പി സർക്കാരിന് കനത്ത പ്രഹരമേൽപ്പിച്ച് ബഞ്ചാര പ്രക്ഷോഭം ശക്തിയാർജ്ജിക്കുന്നു. മെയ് 10ന് തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന കർണാടകയിൽ വിവിധ സമുദായങ്ങളുടെ പ്രതിഷേധങ്ങൾ ശക്തമാകുകയാണ്. സംവരണത്തോത് നിശ്ചയിക്കുന്നതോടെ പട്ടികജാതിയിൽ നിന്ന് പുറത്തുപോകുമോ എന്ന ഭയമാണ് പട്ടികജാതി സമൂഹങ്ങളെ പ്രത്യേകിച്ച് ബഞ്ചാരകളെ ശക്തമായ പ്രതിഷേധത്തിന് പ്രേരിപ്പിക്കുന്നത്. പട്ടികജാതി വിഭാഗക്കാർക്കിടയിൽ ചേരിത്തിരിവ് ഉണ്ടാക്കുന്നതിന് വേണ്ടിയാണ് സംവരണത്തോത് നിശ്ചയിക്കുന്നതിനുള്ള നീക്കമെന്നാണ് ബഞ്ചാര സമുദായം ആരോപിക്കുന്നത്. തിരഞ്ഞെടുപ്പിന് മുന്നോടിയായി സമുദായങ്ങളിലെ വോട്ടർമാരെ ആകർഷിക്കാനുള്ള ബി.ജെ.പി സർക്കാരിന്റെ ശ്രമമാണ് ഈ നീക്കമെന്നും ആരോപണമുണ്ട്. പട്ടികജാതി വിഭാഗമായ ബഞ്ചാരകളുടെ പ്രതിഷേധം കനത്തതോടെ മൂന്നു ദിവസത്തിനകം പ്രശ്നപരിഹാരം ഉണ്ടാവുമെന്ന വാഗ്ദാനവുമായി മുതിർന്ന ബി.ജെ.പി നേതാവ് ബി.എസ് യെദ്യൂരപ്പ രംഗത്തെത്തി. ലിംഗായത്, വൊക്കലിംഗ സമുദായങ്ങളെ കൂടെ നിർത്തി തിരഞ്ഞെടുപ്പിനെ നേരിടാനൊരുങ്ങുന്ന ബി.ജെ.പി.ക്ക് കിട്ടിയ വലിയ പ്രഹരമാണ് ബഞ്ചാരകളുടെ പ്രതിഷേധം. കർണാടക മുൻ മുഖ്യമന്ത്രി ബി.എസ് യെദ്യൂരപ്പയുടെ വീട് ആക്രമിച്ച് തുടങ്ങിയ പ്രതിഷേധം പലയിടത്തേക്കും വ്യാപിച്ചു. ഇപ്പോഴത്തെ സമരങ്ങൾ യെദ്യൂരപ്പയെ ഒതുക്കാൻ ബി.ജെ.പി ക്ക് അകത്തു നടക്കുന്ന ഗൂഢാലോചനയുടെ ഭാഗമാണെന്ന് കോൺഗ്രസ് ആരോപിച്ചു. 23% വരുന്ന ദളിത് വിഭാഗങ്ങൾ തിരഞ്ഞെടുപ്പിൽ എതിരാകുമെന്ന സൂചനകളെത്തിയതോടെ പ്രശ്നപരിഹാര ശ്രമങ്ങൾ ഊർജിതമാണ്. സംവരണത്തോത് നിശ്ചയിക്കുന്നതോടെ പട്ടികയിൽ പുറത്തുപോകുമെന്ന് ആശങ്കയുള്ള കൊറച്ച, കോറമ, ബോവി സമുദായങ്ങൾ പ്രതിഷേധവുമായി രംഗത്തിറങ്ങുന്നത് തടയാനാണ് ഊർജിത ശ്രമം. മുസ്ലീം ന്യൂനപക്ഷത്തിന് ലഭിച്ചിരുന്ന നാല് ശതമാനം ഒ.ബി.സി സംവരണം കർണാടക സർക്കാർ റദ്ദാക്കിയിരുന്നു. സംസ്ഥാനത്തെ വൊക്കലിംഗ, ലിംഗായത്ത് സമുദായങ്ങൾക്കാണ് ഈ സംവരണം ലഭിക്കുക. പട്ടികജാതിക്കാർക്കുള്ള 17 ശതമാനം സംവരണത്തിൽ 6 ശതമാനം പട്ടികജാതി (ഇടത്), 5.5 ശതമാനം പട്ടികജാതി (വലത്), മറ്റുള്ളവർക്ക് ഒരു ശതമാനം, 4.5 ശതമാനം വൊക്കലിംഗ, വീര-ശൈശവ ലിംഗായത്തുകാർക്കായി വിഭജിച്ച് നൽകാനുമാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. 2005ൽ രൂപീകരിച്ച ജസ്റ്റിസ് എ.ജെ സദാശിവ കമ്മീഷനാണ് ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമർപ്പിച്ചത്. തിരഞ്ഞെടുപ്പിന് മുന്നോടിയായി സമുദായങ്ങളിലെ വോട്ടർമാരെ ആകർഷിക്കാനുള്ള ബി.ജെ.പി സർക്കാരിന്റെ ശ്രമമാണ് ഈ നീക്കമെന്നും ആരോപണമുണ്ട്.



കർണാടകയിലെ ബഞ്ചാര പ്രക്ഷോഭത്തിൽ നിന്ന്




ക്ലബ് ദോശയുടെ ലോഗോ പ്രകാശനം തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ നിർവഹിച്ചപ്പോൾ

# ക്ലബ് ദോശ കോഴിക്കോട് പ്രവർത്തനമാരംഭിച്ചു

കോഴിക്കോട്: ഇന്ത്യയിലെ ഏറ്റവും വലിയ ഫുഡ് ചെയിനായി മാറിക്കൊണ്ടിരിക്കുന്ന ക്ലബ് ദോശ വ്യത്യസ്ത രുചികളുമായി കോഴിക്കോട്ട് പ്രവർത്തനമാരംഭിച്ചു. എം.എൽ.എ തോട്ടത്തിൽ രവീന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു. കൗൺസിലർമാരായ നിർമ്മല, രമ്യ സന്തോഷ്, അബൂബക്കർ, നേർക്ക റൂട്ട്സ് സെൻട്രൽ മാനേജർ നാസർ എന്നിവർ സന്നിഹിതരായിരുന്നു. ഇന്ത്യയിലുടനീളം ആരംഭിക്കുന്ന 11,200 ഔട്ട്ലെറ്റുകളിലായി ആയിരത്തോളം ഔട്ട്ലെറ്റുകളും കേരളത്തിലാണ്. നാലായിരത്തോളം തൊഴിലവസരങ്ങളാണ് ഇതുവഴി കേരളത്തിൽ ഒരുക്കുക.ചെറിയ മുതൽമുടക്കിൽ ഒന്നോ രണ്ടോ ആളുകൾക്ക് ഒരുമിച്ച് തുടങ്ങാൻ കഴിയുന്ന നല്ല വരുമാനമാർഗമുള്ള ഒരു സംരംഭമാണ് ക്ലബ് ദോശ. 40രൂപ മുതൽ 90രൂപ വരെ മിതമായ നിരക്കിൽ കഴിക്കാനുള്ള സംവിധാനം കൂടിയാണ് ക്ലബ് ദോശ ഒരുക്കുന്നത്.

വളരെ വൃത്തിയോട് കൂടി നൽകാൻ ഉതകുന്ന രീതിയിൽ ആണ് ക്ലബ് ദോശ വിഭാവനം ചെയ്തിട്ടുള്ളത് 100 സ്ക്വയർഫീറ്റിൽ സജ്ജീകരിക്കാൻ കഴിയുന്ന രീതിയിലാണ് ക്ലബ് ദോശ ഔട്ട്ലെറ്റിന്റെ നിർമ്മാണം. ഒരു എക്സ്പേർട്ട് ഷെഫിന്റെ സഹായമില്ലാതെ തുടങ്ങാം എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത.കോഴിക്കോട് ഹോട്ടൽ പാരാമൗണ്ടവറിൽ ക്ലബ് ദോശയെ സംബന്ധിച്ച് നടത്തിയ വാർത്താമ്മേളനത്തിൽ അബ്ദുൾ മജീദ് (ഡയരക്ടർ, സിറ്റി പേൾ ഫുഡ്സ്), സുരേന്ദ്രൻ (ഡയരക്ടർ, സിറ്റി പേൾ ഫുഡ്സ്), റഹീം പി. (പ്രോജക്ട് കൺസൾട്ടന്റ്, ക്ലബ് ദോശ), ധനേഷ്(എ.ജി.എം ബിസിനസ് ഡെവലപമെന്റ്, ക്ലബ് ദോശ), ശ്രീഹരി (എ.ജി.എം. അഡ്മിൻ ഓപ്പറേഷൻസ്, ക്ലബ് ദോശ) എന്നിവർ പങ്കെടുത്തു. തുടർന്ന് നോമ്പുതുറ സൽക്കാരവും നടന്നു. ഏറ്റവും കുറഞ്ഞ മുതൽമുടക്കിൽ ക്ലബ് ദോശയുടെ ഫ്രാഞ്ചൈസികൾക്കും അവസരമുള്ളതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 815703030.




കോൺഗ്രസ് മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഓഫീസിലേക്ക് നടത്തിയ മാർച്ച് ഡി.സി.സി പ്രസിഡന്റ് അഡ്വ.കെ. പ്രവീൺ കുമാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

## മെഡിക്കൽ കോളേജിലെ പീഡനം; കോൺഗ്രസ് മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ മാർച്ച് നടത്തി

കോഴിക്കോട്: ശസ്ത്രക്രിയ കഴിഞ്ഞ യുവതിയെ മെഡിക്കൽ കോളേജിൽ പീഡിപ്പിച്ച സംഭവത്തിൽ അറസ്റ്റിലായ പ്രതി ശശീന്ദ്രനെ സംരക്ഷിക്കാൻ അതിജീവിതയെ ഭീഷണിപ്പെടുത്തിയ ജീവനക്കാരികൾക്കെതിരേ റിപ്പോർട്ട് നൽകിയ നഴ്സിംഗ് ഓഫിസറെ ഭീഷണിപ്പെടുത്തിയ സംഭവത്തിൽ എൻ.ജി.ഒ യൂണിയൻ നേതാവ് ഹംസ കണ്ണോട്ടിലിനെതിരേ നിയമ നടപടിയെടുക്കാത്തതിൽ പ്രതിഷേധിച്ച് കോൺഗ്രസ് മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഓഫീസിലേക്ക് മാർച്ച് നടത്തി. ഡി.സി.സി പ്രസിഡന്റ് അഡ്വ.കെ. പ്രവീൺ കുമാർ ഉദ്ഘാടനം ചെയ്തു. ഭീഷണി മുഴക്കിയ ഹംസെക്കതിരേ നഴ്സിംഗ് ഓഫിസർ മെഡിക്കൽ കോളേജ് സൂപ്രണ്ടിനു നൽകിയ പരാതി പോലിസിനു കൈമാറാതെ പൂഴ്ത്തി വച്ചതിൽ ഉന്നത രാഷ്ട്രീയ നേതൃത്വത്തിന് പങ്കുണ്ട്. ഇരയെ ഭീഷണിപ്പെടുത്തി സസ്പെൻഷനിലായ ജീവനക്കാരെ പോലിസ് അറസ്റ്റു ചെയ്യാത്തതിലും രാഷ്ട്രീയ നേതൃത്വത്തിന്റെ പങ്കുവ്യക്തമാണ്.

ഈ കേസിൽ ഇരയായ യുവതിക്ക് നീതി ലഭിക്കുന്നതിന് ഏതറ്റം വരെയും പോകാൻ കോൺഗ്രസ് നേതൃത്വം തയ്യാറാണെന്നും ഡി.സി.സി പ്രസിഡണ്ട് പറഞ്ഞു. മെഡിക്കൽ കോളേജ് മണ്ഡലം പ്രസിഡന്റ് പുതുശ്ശേരി വിശ്വനാഥൻ അധ്യക്ഷത വഹിച്ചു. ഡി.സി.സി ജനറൽ സെക്രട്ടറി ദിനേശ് പെരുമണ്ണ, മഹിളാ കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ഗൗരി പുതിയോത്ത്, കർഷക കോൺഗ്രസ് സംസ്ഥാന സെക്രട്ടറി മാത്യു ദേവഗിരി, ചെലവൂർ മണ്ഡലം പ്രസിഡന്റ് എ.അബൂബക്കർ , ചേവായൂർ ബാങ്ക് വൈസ് ചെയർമാൻ കെ.പി പുഷ്പരാജ് , യൂത്ത് കോൺഗ്രസ് ജില്ലാ ഭാരവാഹികളായ ഷിബു, ശ്രീയേഷ് ചെലവൂർ, അനീഷ് പാലാട്ട്, കെ.സി പ്രവീൺ കുമാർ, ടി.സുൽഫിക്കറുള്ള , ഷാജി സമദ്, ഷൈജു, സണ്ണി പുളിക്കൽ, കെ.ഇ ഷബീർ എന്നിവർ പ്രസംഗിച്ചു.

## ആത്മഹത്യാശ്രമം; ലൈവ് പോസ്റ്റിട്ട യുവാവിനെ രക്ഷപ്പെടുത്തി പോലിസും ഫേസ്ബുക്കും

ന്യൂഡൽഹി: ആത്മഹത്യാശ്രമം ലൈവ് പോസ്റ്റിട്ട യുവാവിനെ സമയോചിത ഇടപെടലിലൂടെ രക്ഷപ്പെടുത്തി ഫേസ്ബുക്കും ഡൽഹി പോലിസും. നോർത്ത് ഈസ്റ്റ് ഡൽഹിയിൽ 40 ഓളം ഗുളികകൾ കഴിച്ച യുവാവ് പോസ്റ്റ് ചെയ്ത ആത്മഹത്യ ചെയ്യുകയാണെന്ന ലൈവ് വീഡിയോ ഫേസ്ബുക്കിന്റെ ശ്രദ്ധയിൽപ്പെട്ടതോടെയാണ് യുവാവിന്റെ ജീവൻ രക്ഷിക്കാനായത്. വീഡിയോ പോസ്റ്റിനെക്കുറിച്ച് ഫേസ്ബുക്ക് ഡൽഹി പോലിസിനെ അറിയിച്ചു. സംഭവം കൃത്യസമയത്ത് അറിഞ്ഞതിനെ തുടർന്ന് ഡൽഹി പോലിസ് യുവാവിനെ രക്ഷപ്പെടുത്തുകയായിരുന്നു.

സംഭവത്തെക്കുറിച്ച് പോലിസ് പറയുന്നതിങ്ങനെ, നോർത്ത് ഈസ്റ്റ് ഡൽഹി സ്വദേശിയായ 25കാരൻ ആത്മഹത്യ ചെയ്യുകയാണെന്ന് ഫേസ്ബുക്കിൽ പോസ്റ്റിടുകയായിരുന്നു. തിങ്കളാഴ്ച രാത്രി ഒമ്പതോടെയാണ് സംഭവം. ലൈവിൽ വന്ന യുവാവ് താൻ ആത്മഹത്യ ചെയ്യാൻ പോവുകയാണെന്നും അതെല്ലാവരേയും അറിയിക്കാനാണ് എത്തിയതെന്നും പറഞ്ഞു. സംഭവം ശ്രദ്ധയിൽപ്പെട്ട ഫേസ്ബുക്ക് ഡൽഹി പോലിസിന് സന്ദേശം കൈമാറുകയായിരുന്നുവെന്ന് പോലിസ് ഉദ്യോഗസ്ഥർ പറയുന്നു.



തുടർന്ന് ഡൽഹി പോലിസിന്റെ ഇന്റലിജന്റ്സ് ഫ്യൂഷൻ ആൻഡ് സ്ട്രാറ്റജിക് ഓപ്പറേഷൻ യൂണിറ്റ് (ഐ.എഫ്.എസ്.ഒ) നന്ദ്നഗ്രി പോലിസ് സ്റ്റേഷനിൽ വിവരമറിയിക്കുകയായിരുന്നു. ഉടൻ തന്നെ പോലിസ് യുവാവിന്റെ താമസസ്ഥലത്തെത്തി. വീട്ടിലെത്തിയ പോലിസ് കിടപ്പുമുറിയിൽ അവശനായ നിലയിലുള്ള യുവാവിനെയാണ് കണ്ടത്. ഉടൻ തന്നെ ആശുപത്രിയിലെത്തിച്ചു അടിയന്തര ചികിത്സ നൽകി. ചികിത്സക്കു ശേഷമുള്ള പോലിസ് ചോദ്യം ചെയ്യലിൽ നാൽപ്പത് ഗുളികകൾ ഒരുമിച്ച് കഴിച്ചതായി യുവാവ് പറഞ്ഞു. കഴിഞ്ഞ മാർച്ച് ആദ്യവാരം മുതൽ മകന് ഡിപ്രഷൻ സ്റ്റേജിലാണെന്നും അതിന് ചികിത്സ നൽകിയതായും യുവാവിന്റെ കുടുംബം പറഞ്ഞു. നിലവിൽ വിഷാദ രോഗത്തിന് ചികിത്സയിലാണെന്നും കുടുംബം കൂട്ടിച്ചേർത്തു.

# ഒന്നാം ക്ലാസിൽ പ്രവേശനപ്രായം ഈ വർഷവും അഞ്ച് തന്നെ

തിരുവനന്തപുരം: സംസ്ഥാനത്ത് ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള പ്രായം അഞ്ച് തന്നെയെന്ന് വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി. ആറ് വയസ് ആക്കണമെന്ന കേന്ദ്രനിർദേശം ഈ വർഷവും നടപ്പാക്കില്ലെന്ന് മന്ത്രി പറഞ്ഞു. ഇന്ന് ചേർന്ന മന്ത്രിസഭാ യോഗത്തിനുശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. അഞ്ച് വയസ് എന്ന നിലവിലെ മാനദണ്ഡം മാറ്റില്ലെന്നും മന്ത്രി പറഞ്ഞു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ സ്കൂൾ പ്രവേശനത്തിനുള്ള പ്രായപരിധി ഏകീകൃതമല്ലന്ന വാദം ഉയർത്തിയാണ് കേന്ദ്ര നിർദേശം. ദേശീയ വിദ്യാഭ്യാസ നയമനുസരിച്ച്, 5+3+3+4 എന്ന രീതിയാണെന്നിരിക്കെ പല സംസ്ഥാനങ്ങളിലും അഞ്ചാം വയസിൽ തന്നെ ഒന്നാം ക്ലാസിലേക്ക് പ്രവേശനം ലഭിക്കുന്നുവെന്നത് ചൂണ്ടിക്കാട്ടിയാണ് കേന്ദ്രം നിർദേശം കടുപ്പിച്ചത്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വിദ്യാഭ്യാസ രീതി 5+3+3+4 എന്ന ഘടനയിലാണ് മുന്നോട്ട് പോകുന്നത്. മൂന്ന് വർഷത്തെ പ്രീ സ്കൂളും ഒന്നും രണ്ടും ക്ലാസും ചേർന്നാണ് അഞ്ച് വർഷമുള്ള ഒന്നാം ഘട്ടം. മൂന്ന്, നാല്, അഞ്ച് ക്ലാസുകൾ ചേരുന്നതാണ് രണ്ടാം ഘട്ടം. ആറുമുതൽ എട്ടുവരെ മൂന്നാം ഘട്ടം. ഒൻപതാം ക്ലാസ് മുതൽ പ്ലസ് ടു വരെ അവസാന ഘട്ടം എന്ന നിലയിലാണ് ഈ സംവിധാനം രൂപപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, പല സംസ്ഥാനങ്ങളിലും പ്രീ സ്കൂൾ സംവിധാനം കാര്യക്ഷമമല്ലെന്നാണ് വിലയിരുത്തൽ. ചെറിയ പ്രായത്തിൽ തന്നെ കുട്ടികൾ ഒന്നാം ക്ലാസിലെത്തുന്നു. അവരെ നോക്കാൻ പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകരില്ലാത്ത സാഹചര്യം വരും. ഇത് കുട്ടികളുടെ മാനസികമായ വളർച്ചയെ ബാധിക്കുമെന്നാണ് വിലയിരുത്തൽ. അതിനാൽ മൂന്ന് വർഷം പ്രീ സ്കൂളിങ് ഉറപ്പാക്കണമെന്നായിരുന്നു സർക്കാരിന്റെ നിർദേശം.

യോഗ്യരായ അധ്യാപകരെ സൃഷ്ടിക്കാൻ രണ്ട് വർഷത്തെ ഡിപ്ലോമ ഇൻ പ്രീ സ്കൂൾ എജ്യുക്കേഷൻ (ഡി.പി.എസ്.ഇ) കോഴ്സ് രൂപകൽപന ചെയ്യുന്നതിനും നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ ആരംഭിക്കാനും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സംസ്ഥാനങ്ങളോട് നിർദേശിച്ചിരുന്നു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.